# പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം

## 2026-27 വാർഷിക പദ്ധതി

## അന്തിമ പദ്ധതിരേഖ



ബഹുമാന്യരെ,

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യം വച്ചുകൊണ്ടാണ് നാം വാർഷിക പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശാനുസരണമായി സമസ്ത മേഖലകൾക്കും തുല്യ പ്രാധാന്യം നൽകിക്കൊണ്ടാണ് പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. കേരള സർക്കാരിന്റെ നാല് മിഷനുകളായ ലൈഫ് മിഷൻ, ഹരിത കേരളം, ആർദ്രം, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവയും നമ്മുടെ പദ്ധതികളോട് ചേർത്തുവയ്ക്കുന്നു. മാലിന്യ നിക്ഷേപം തടയുന്നതിനും സാമൂഹ്യസുരക്ഷിതത്വത്തിനുമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും ടി ക്യാമറയുടെ പ്രവർത്തനം ജില്ലാ പോലീസ് മേധാവിക്ക് പരിശോധിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങളിലൊന്നായ ടൂറിസം വികസനത്തിന് ഈ കാലയളവിൽ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. അരീക്കൽ വെള്ളച്ചാട്ടത്തിൽ വർഷം മുഴുവൻ വെള്ളം ഒഴുക്കുന്നതിനും സിപ്പ് ലൈൻ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ അതിന്റെ അവസാന ഘട്ടത്തിലാണ്. അതോടൊപ്പം കൊച്ചരീക്കൽ, ഊരമനാട്ടുചിറ എന്നിവിടങ്ങളിലെയും ടൂറിസം വികസനം അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

ഗ്രാമപഞ്ചായത്തിലെ യുവജനങ്ങളെ ഒത്തൊരുമിപ്പിക്കുന്നതിനും മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടാത്ത ഒരു നല്ല യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടും കൂടി ഒരു പൊതു കളിസ്ഥലത്തിനായി സ്ഥലം വാങ്ങി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുണ്ട്.

കാർഷിക മേഖലയെ പൂർണമായും ആശ്രയിക്കുന്ന പാമ്പാക്കുടയിലെ കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ ഈ ഭരണസമിതി പ്രത്യേകം ശ്രമിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന ഫണ്ടുകളുടെ പരിധിയിൽ നിന്നുകൊണ്ടും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് സംയുക്ത പ്രൊജക്ടുകൾ ഏറ്റെടുത്തുകൊണ്ടും നമ്മുടെ പഞ്ചായത്തിനെ ഒരു സുസ്ഥിര സുതാര്യ വികസനപ്രദേശമായി രൂപപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഉള്ള ഈ തീവ്രയജ്ഞത്തിൽ നിങ്ങളോരോരുത്തരും കക്ഷി രാഷ്ട്രീയ സങ്കുചിത ചിന്തകൾക്കതീതമായി പ്രവർത്തിക്കണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

എന്ന് ,

ഷീല ബാബു
പ്രസിഡന്റ്, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1 | പഞ്ചായത്ത് പൊതു വിവരങ്ങൾ | 1–2 |
| 2 | പഞ്ചായത്ത് ഭരണസമിതി വിവരങ്ങൾ | 3 |
| 3 | ഓഫീസ് ജീവനക്കാർ വിവരങ്ങൾ | 4 |
| 4 | പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ വിവരങ്ങൾ | 5 |
| 5 | ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ | 6 |
| 6 | വർക്കിംഗ്  ഗ്രൂപ്പ് വിവരങ്ങൾ | 7 |
| 7 | ഭൂമിശാസ്ത്രവും പാരിസ്ഥിതികവുമായ സവിശേഷതകൾ | 8–10 |
| 8 | വാർഷികപദ്ധതി അവലോകനം 2025/26 | 11–12 |
| 9 | പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും | 13–20 |
| 10 | വികസന കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം | 21–23 |
| 11 | പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും | 24 |
| 12 | പദ്ധതികളും  അവയുടെ വിവരങ്ങളും | 25–34 |
| 13 | പ്രത്യേക പദ്ധതി | 35–36 |
| 14 | വായ്പാബന്ധങ്ങൾ | 36 |
| 15 | സമഗ്രപരിപാടികളും സാദ്ധ്യതകളും | 37–38 |
| 16 | മോണിറ്ററിംഗ് | 38 |

## പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

## പൊതു വിവരങ്ങൾ

1953 ജനുവരി 10-ന് ആറ് വാർഡുകളുമായാണ് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് രൂപീകൃതമായത്. ഗ്രാമപഞ്ചായത്തിൻറെ ആദ്യ പ്രസിഡൻറ് റവറൻറ് ഫാദർ എബ്രഹാം കോനാട്ട് ആയിരുന്നു. എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയിൽ മൂവാറ്റുപുഴ താലൂക്കിൽ മേമ്മുറി, ഓണക്കൂർ വില്ലേജുകളിലായി പാമ്പാക്കുട ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. ഈ പ്രദേശം ഒരു കാർഷിക ഗ്രാമമായാണ് അറിയപ്പെടുന്നത്. സാംസ്കാരിക പൈതൃകം കൊണ്ട് അനുഗ്രഹീതമായ ഈ പ്രദേശത്ത് നിരവധി വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവ സ്ഥിതിചെയ്യുന്നു. 140 വർഷങ്ങൾക്ക് മുമ്പ് സർക്കാർ വിദ്യാലയം പാമ്പാക്കുടയിൽ ആരംഭിച്ചു എന്നത് ഏവർക്കും അഭിമാനകരമാണ്.

### പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് അടിസ്ഥാന വിവര സംഗ്രഹം

| | |
|---|---|
| ഗ്രാമ പഞ്ചായത്തിന്റെ പേര് | പാമ്പാക്കുട |
| അതിരുകൾ | പടിഞ്ഞാറ് -രാമമംഗലം പഞ്ചായത്ത്, പിറവം മുനിസിപ്പാലിറ്റി |
| | കിഴക്ക് -തിരുമാറാടി, മാറാടി പഞ്ചായത്തുകൾ |
| | തെക്ക്- പിറവം മുനിസിപ്പാലിറ്റി ഇലഞ്ഞി, തിരുമാറാടി, പഞ്ചായത്തുകൾ |
| | വടക്ക് രാമമംഗലം, മാറാടി പഞ്ചായത്തുകൾ |
| ആസ്ഥാനം | പാമ്പാക്കുട ടൗൺ |
| രൂപീകരിച്ച നോടിഫിക്കേഷൻ | No.13446/52EHLS,10-1-53 |
| പോസ്റ്റ് ഓഫീസ് | പാമ്പാക്കുട |
| ഫോൺ പ്രസിഡന്റ് | 0485-2272588,9496045838 |
| ഫോൺ സെക്രട്ടറി | 0485-2273028,9496045839 |
| ബ്ലോക്ക് ഓഫീസ് | പാമ്പാക്കുട |
| വില്ലേജ് | മേമ്മുറി, ഓണക്കൂർ |
| വിസ്തീർണ്ണം | 30.09 ച .കി .മീറ്റർ |
| വാർഡുകൾ | 15 |

| | |
|---|---|
| വനിതാ സംവരണം | 2,5,6,9,11,12,14,15 |
| പട്ടികജാതി സംവരണം | 3 |
| ജനസംഖ്യ | 17672 |
| പുരുഷൻ | 8825 |
| സ്ത്രീ | 8847 |
| പട്ടികജാതി ജനസംഖ്യ | 1739 |
| പുരുഷൻ | 842 |
| സ്ത്രീ | 897 |
| പട്ടിക വർഗം | 68 |
| പുരുഷൻ | 41 |
| സ്ത്രീ | 27 |
| പ്രധാന റോഡുകൾ | മൂവാറ്റുപുഴ – അഞ്ചൽപ്പെട്ടി റോഡ് |
| | തൊടുപുഴ –പിറവം റോഡ് |
| പ്രധാന തോടുകൾ | അരുവിക്കൽ മുടക്ക് തോട് |
| | ഉഴവൂർ തോട് |
| അടുത്ത റെയിൽവേ സ്റ്റേഷൻ | വെള്ളൂർ ( പിറവം റോഡ് ) |
| വിമാനത്താവളം | നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനതാവളം |

## പഞ്ചായത്ത് ഭരണ സമിതി

| സ്ഥാനം | ജന പ്രതിനിധിയുടെ പേര് | ഫോൺ |
|---|---|---|
| പ്രസിഡന്റ് | ഷീല ബാബു | 9497488494 |
| വൈസ് പ്രസിഡന്റ് | ആഷിഷ് എം ജോൺ | 9645473942 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ(വികസനം ) | ശ്യാമള പ്രസാദ് | 9747641739 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ (ക്ഷേമ കാര്യം) | ജോമോൾ ജോയി | 9496229345 |
| സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ (വിദ്യാഭ്യാസം–ആരോഗ്യം) | അൻസു പൗലോസ് | 9544123392 |
| അംഗങ്ങൾ | രാജൻ എം സി | 9447872702 |
| | രമ സുരേഷ് | 9048773693 |
| | റീജ മോൾ ജോബി | 9846844554 |
| | ഷീനമോൾ എം പി | 9947863991 |
| | അല്ലി ദിനേശ് | 8075763208 |
| | അനുമോൾ കെ പി | 8921135957 |
| | സി ബി രാജീവ് | 9446138853 |
| | സിൻസി പൗലോസ് | 9605149303 |
| | അനന്തപത്മനാഭൻ | 9744732006 |
| | ആതിര എം അജിത് | 9446424406 |
| ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ | മിനി ജേക്കബ് | 9048486347 |
| | കുഞ്ഞുമോൻ ഫിലിപ്പ് | 9495274658 |
| | ജിജോ കെ മാണി | 9400194318 |
| | ജേക്കബ് ഫിലിപ്പ് | 9746718076 |
| ജില്ലാ പഞ്ചായത്ത് പ്രതിനിധി | കെ ജി രാധാകൃഷ്ണൻ | 9847141990 |
| എം. എൽ. എ | അനൂപ് ജേക്കബ് | 9447303934 |
| എം പി | കെ ഫ്രാൻസിസ് ജോർജ്ജ് | 9446411100 |

## ഓഫീസ് ജീവനക്കാർ

| പഞ്ചായത്ത് ഓഫീസ് | | ഫോൺ നമ്പർ |
|---|---|---|
| സെക്രട്ടറി | രഞ്ജിത്ത് വി ജി | 9496045839<br>8921162838 |
| അസിസ്റ്റന്റ് സെക്രട്ടറി | വിനോദ് കെ | 9446464133 |
| ഹെഡ് ക്ലാർക്ക് | ജിജോമോൻ പി എം | 9847775173 |
| അക്കൌണ്ടന്റ് | മായ എൻ പി | 9496181287 |
| സീനിയർ ക്ലാർക്ക് | ചിത്ര ബേബി | 9744473332 |
| | ദീപ പരമു | 7994188223 |
| | അഞ്ജു എം | 9544671930 |
| ക്ലാർക്ക് | ശ്യാം മോഹൻ | 8848331497 |
| | അജീഷ് വി.എസ് | 9446797688 |
| | ബൈജു.കെ.പി | 9447723423 |
| | അരവിന്ദ് എസ്. നായർ | 9747656049 |
| ഓഫീസ് അറ്റൻഡൻറ് | എലിസബത്ത് ജോയ്സ് | 9188662396 |
| പാർട്ട് ടൈം സ്വീപ്പര് | സി.എൻ. ഷാജിഹാൻ | 9495601002 |
| ടെക്നിക്കൽ അസിസ്റ്റന്റ് | അരുൺ മുരളി | 9946744403 |
| പ്രോജക്ട് അസിസ്റ്റന്റ് | ആദിത്യൻ കെ പി | 9946744403 |
| ഇൻറേൺ | ആദിത്യൻ എം ജയൻ | 7025592029 |
| **പൊതുമരാമത്ത് വകുപ്പ്** | | |
| അസി. എഞ്ചിനീയർ | കുട്ടിച്ചൻ എം കല്ലട | 9633380388 |
| ഓവർസിയർ | അനു ജോണി | 8086148788 |
| **വി.ഇ. ഒ. ഓഫീസ്** | | |
| വി.ഇ. ഒ. പാമ്പാക്കുട | ദിവ്യ കെ പി | 9544056613 |
| വി ഇ ഒ അഞ്ചൽപ്പെട്ടി | ജോവിത സോമൻ | 7907002509 |
| വി ഇ ഒ ഓണക്കൂർ | ശ്രീജ പി നായർ | 9995700415 |
| **തൊഴിലുറപ്പ് വിഭാഗം** | | |
| അക്രെഡിറ്റഡ് എഞ്ചിനീയർ | കിരൺ രവി | 9061550870 |
| ഓവർസിയര് | വിജമോൾ വി വി | 9747285773 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | ബീന മജ്ജു | 8089089066 |
| | അജി പി വി | 7994816292 |

## പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ

1. സെക്രട്ടറി,ഗ്രാമ പഞ്ചായത്ത്, പാമ്പാക്കുട
2. അസി.എഞ്ചിനീയർ ,LSGD പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്
3. കൃഷി ഓഫീസർ , കൃഷിഭവൻ , പാമ്പാക്കുട
4. മെഡിക്കൽ ഓഫീസര് ,ഗവ .ഹോമിയോ ഡിസ്പെൻസറി ,അഞ്ചൽപെട്ടി
5. ഐ.സി.ഡി.എസ്.സൂപ്പർവൈസര്
6. വില്ലേജ് എക്സ്റ്റൻഷന് ഓഫീസര് ,പാമ്പാക്കുട, അഞ്ചൽപെട്ടി ,ഓണക്കൂർ
7. വെറ്റിനറി സർജന് ,വെറ്റിനറി ഡിസ്പെൻസറി,പാമ്പാക്കുട
8. മെഡിക്കൽ ഓഫീസർ, ഗവ .ആയുർവേദ ഡിസ്പെൻസറി
9. ഹെഡ്മാസ്റ്റർ ,ഗവ .യു.പി സ്കൂൾ പിറമാടം
10. അസി.സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് പാമ്പാക്കുട
11. ഡയറിഫാം ഇൻസ്ട്രക്ടർ,പിറവം
12. മെഡിക്കൽ ഓഫീസർ , സി.എച്ച്.എസ്.സി പാമ്പാക്കുട

പതിനാലാം പഞ്ചവൽസര പദ്ധതി(2022-27)
ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ
തദ്ദേശഭരണസ്ഥാപനത്തിൻറെ പേര്:പാമ്പാക്കുട
ഭരണ സമിതി തീരുമാന നമ്പരും തീയതിയും - 2 (1), 19/01/2026

| ക്രമ. നം. | പേരും, വിലാസവും | ഫോൺ | പുനർ സംഘടിപ്പിച്ച ആസൂത്രണ സമിതിയിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം |
|---|---|---|---|---|
| 1 | ഷീല ബാബു, പ്രസിഡന്റ് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | 9497488494 | അദ്ധ്യക്ഷൻ | തദ്ദേശഭരണ അദ്ധ്യക്ഷൻ |
| 2 | കനകാംബരൻ | 9947020386 | ഉപാദ്ധ്യക്ഷൻ | സന്നദ്ധ പ്രവർത്തകർ |
| 3 | രഞ്ജിത്ത് വി ജി, സെക്രട്ടറി | 8921162838 | കൺവീനര് | സെക്രട്ടറി |
| 4 | ചിത്ര ബേബി | 9744473332 | കോർഡിനേറ്റർ | സീനിയർ ക്ലർക്ക് |
| 5 | ആഷിഷ് എം ജോൺ, വൈസ് പ്രസിഡൻറ് | 9645473942 | അംഗം | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| 6 | ശ്യാമള പ്രസാദ് , വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന് | 9747641739 | അംഗം | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| 7 | ജോമോൾ ജോയി, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന് | 9496229345 | അംഗം | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന് |
| 8 | അൻസു പൗലോസ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സണ് | 9544123392 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 9 | റീജാമോൾ ജോബി, മണിയേലിൽ, മെമ്പർ വാർഡ്-4 | 9846844554 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 10 | അനന്തപത്മനാഭൻ, മെമ്പർ വാർഡ്-13 | 9744732006 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 11 | തോമസ് തടത്തിൽ | 9446141455 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 12 | ബെന്നി സ്കറിയ ,തെക്കേക്കര | 9142319945 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 13 | തങ്കച്ചൻ റ്റി വി | 9846685790 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 14 | ബേബി വി പി | 9446243194 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 15 | എം.എൻ കേശവന് | 9387406241 | അംഗം | സന്നദ്ധ പ്രവർത്തകർ |
| 16 | സോദരി സുകുമാരൻ | 9605602417 | അംഗം | സന്നദ്ധ പ്രവർത്തകര് |

## വർക്കിംഗ് ഗ്രൂപ്പ് വിവരങ്ങൾ

1. **പൊതുഭരണവും ധനകാര്യവും**
   അദ്ധ്യക്ഷൻ– ഷീല ബാബു
   കൺവീനർ– സെക്രട്ടറി,പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്
2. **മൃഗ സംരക്ഷണവും ക്ഷീര വികസനവും**
   അദ്ധ്യക്ഷൻ– അനുമോൾ കെ പി
   കൺവീനർ– ഡോ. ഷിഹാബ് സി .ജെ
3. **പ്രാദേശിക സാമ്പത്തിക വികസനം**
   അദ്ധ്യക്ഷൻ– അനന്തപദ്മനാഭൻ
   കൺവീനർ– ജോവിത സോമന്
4. **ദാരിദ്ര്യ ലഘൂകരണം**
   അദ്ധ്യക്ഷൻ– റീജാമോൾ ജോബി
   കൺവീനർ– ദിവ്യ കെ പി
5. **പട്ടികജാതി/പട്ടിക വർഗ്ഗം**
   അദ്ധ്യക്ഷൻ– രമ സുരേഷ്
   കൺവീനർ– വിനോദ് കെ
6. **വനിത വികസനം**
   അദ്ധ്യക്ഷൻ– ജോമോൾ ജോയി
   കൺവീനർ–കൃഷ്ണശോഭ
7. **ആരോഗ്യം**
   അദ്ധ്യക്ഷൻ– അൻസു പൗലോസ്
   കൺവീനർ– ഡോ. ആശ എസ് രാജൻ
8. **വിദ്യാഭ്യാസം,കല ,സംസ്കാരം**
   അദ്ധ്യക്ഷൻ– രാജൻ എം സി
   കൺവീനർ–ഷാജി ജോർജ്ജ്
9. **സാമൂഹ്യനീതി**
   അദ്ധ്യക്ഷൻ– ആതിര എം അജിത്
   കൺവീനര് – കൃഷ്ണശോഭ
10. **കുടിവെള്ളം,ശുചിത്വം**
    അദ്ധ്യക്ഷൻ– സി ബി രാജീവ്
    കൺവീനർ–കുട്ടിച്ചൻ എം കല്ലട
11. **പൊതുമരാമത്ത് ,ഊർജ്ജം ,വൈദ്യുതി**
    അദ്ധ്യക്ഷൻ– ശ്യാമള പ്രസാദ്
    കൺവീനർ– കുട്ടിച്ചന് എം കല്ലട
12. **കൃഷി ,ജലസേചനം ,നീർത്തട വികസനം**
    അദ്ധ്യക്ഷൻ– സിൻസി പൗലോസ്
    കൺവീനർ–ബെൽസി ബാബു
13. **ജൈവ വൈവിധ്യ മാനേജ്മെന്റ്**
    അദ്ധ്യക്ഷൻ–ഷീല ബാബു
    കൺവീനർ– സെക്രട്ടറി,പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

## അധ്യായം 1

## ഭൂമിശാസ്ത്രവും പാരിസ്ഥിതികവുമായ സവിശേഷതകൾ

സെൻട്രൽ മിഡ് ലാൻഡ് സോയിൽ മേഖലയിൽ പെടുന്നതാണ് പാമ്പാക്കുട ഗ്രാമപഞ്ചായത്ത്.കിഴക്കുനിന്നു പടിഞ്ഞാറോട്ടും വടക്കുനിന്ന് തെക്കോട്ടും ചെരിഞ്ഞു കിടക്കുന്നു.ആകെ 30.09 ച.കി.മീറ്റർ വിസ്തൃതി.കൂടുതൽ സ്ഥലത്തും റബ്ബർ കൃഷി ചെയ്തു വരുന്നു.നിലവിൽ 80 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തുന്നു 20 ഹെക്ടർ തരിശ് ആണ്. തൊണ്ണൂറുകളിൽ 325 ഹെക്ടർ നിലത്തിൽ നെൽകൃഷി ഉണ്ടായിരുന്നു.17ഹെക്ടർ തരിശും.നിലവിലുള്ള 100 ഹെക്ടർ നിലമെങ്കിലും നികത്തപ്പെടാതെ സംരക്ഷിക്കേണ്ടതുണ്ട്.

ആവശ്യത്തിന് മഴ ലഭിക്കുന്നുണ്ട്.എന്നാൽ മഴവെള്ളം ശാസ്ത്രീയമായി സംഭരിക്കുന്നതിന് പദ്ധതികൾ ഇല്ലാത്തതിനാൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഉയർന്ന സ്ഥലങ്ങളുണ്ട്.ശരാശരി 25 മുതൽ 36 ഡിഗ്രി സെൽഷ്യസ് ചൂട് അനുഭവപ്പെടുന്നു.ആഗോളതാപനം മൂലം കാലാവസ്ഥയിലുണ്ടായ മാറ്റം നിമിത്തം ഏപ്രിൽ മുതൽ മഴ ലഭിക്കുന്നുണ്ട്.വേനലിൽ അധികരിച്ച ചൂടും . കാലാവസ്ഥയിലെ സ്ഥിരതയില്ലായ്മയും എല്ലാ കൃഷികളെയും പൊതുവെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

പഞ്ചായത്തിൽ രണ്ടു തോടുകൾ ഒഴുകുന്നുണ്ട് ഉഴവൂർ തോടും അരീക്കൽ മുടക്ക് തോടും. ഇതിൽ ഉഴവൂർ തോട്ടിൽ 12 മാസവും വെള്ളം ലഭ്യമാണ്.ഉഴവൂർ തോട്ടിൽ മൂന്ന് ചിറകൾ ഉണ്ട്. 1. ചെമ്മിക്കാട്ട്ചിറ 2. മുട്ടുചിറ 3. ഊരനാട്ടുചിറ ഇതിൽ ഊരനാട്ട് ചിറ നവീകരിച്ച് ചീപ്പ് സ്ഥാപിച്ചിട്ടുള്ളതിനാൽ പാടശേഖരത്തിൽ വർഷം മുഴുവൻ വിവിധതരം കൃഷിചെയ്യുന്നതിന് കഴിയുന്നുണ്ട്.അരീക്കൽ മുടക്ക് തോടിന് ഇന്ന് ഏഴ് ചിറകളാണുള്ളത്. 1.കുന്നുമ്മേൽ താഴം 2.കാഞ്ഞിരംകുഴിതാഴം 3.കല്ലംപ്ലാക്കിത്താഴം 4.പാലക്കോട് 5. പത്തു പറപ്പടവ് 6. ചേലക്കോട്
7. കുമ്പള കുന്നേൽതാഴം

തൊണ്ണൂറുകളിൽ 37 വറ്റാത്തകുളങ്ങൾ ഉണ്ടായിരുന്നു ധാരാളം കിണറുകളും. നിലവിൽ പല കുളങ്ങളും നികത്തിയ സ്ഥിതിയാണ്. MVIP യുടെ 3 കനാലുകൾ പൂർത്തിയായിട്ടുണ്ട് 1. രാമമംഗലം ബ്രാഞ്ച് കനാൽ 2.കക്കാട് കനാൽ 3.മാമ്മലശേരി കനാൽ. മൈനർ ഇറിഗേഷൻറെ മെതിപാറകനാലും കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ വെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇവ സഹായകമായിട്ടുണ്ട്.പൊതു കുളങ്ങളും കിണറുകളും ചെളി നീക്കി ശുദ്ധീകരിച്ച വെള്ളത്തിൻറെ ലഭ്യത ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കുന്നുണ്ട്.ഉയർന്നപ്രദേശങ്ങളിൽ കുടിവെള്ളം ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്

രാമമംഗലം,മാറാടി എന്നീ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത കുടിവെള്ള പദ്ധതികളുടെ പ്രാരംഭ നടപടികൾ പഞ്ചായത്ത് നടത്തിക്കഴിഞ്ഞു.

ഈ പഞ്ചായത്തിലെ അരുവിക്കൽ വെള്ളച്ചാട്ടം അതിന്റെ സൗന്ദര്യം കൊണ്ടും സുരക്ഷിതം കൊണ്ടും പ്രസിദ്ധമാണ്.100 അടി മുകളിൽ നിന്നും പതിച്ച് വർഷകാലത്ത് ആറുമാസത്തോളം ഈ മനോഹരദൃശ്യം നിലനിൽക്കുന്നുണ്ട്.പഞ്ചായത്ത് ടൂറിസത്തിൽ നിന്നും തനത് വരുമാനം ലക്ഷ്യമിട്ട് വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.കേന്ദ്ര-സംസ്ഥാന ടൂറിസം വകുപ്പുകളുടെ പ്രതിനിധികളുമായി പഞ്ചായത്ത് ചർച്ച ചെയ്തു വരുന്നു.പഞ്ചായത്തിലെ ടെക്നോളജിക്കൽ കോളേജുകളുടെ സഹകരണം ഇക്കാര്യത്തിൽ പഞ്ചായത്ത് ലഭ്യമാക്കിവരുന്നു.

നെല്ല്,തെങ്ങ്,റബ്ബർ, മറ്റ് അനുബന്ധ വിളകൾക്ക് യോജിച്ച മണ്ണാണ് ഇവിടെ ഉള്ളത്.അതിൽ തന്നെ വിനിയോഗിക്കാതെ കിടക്കുന്ന സ്ഥലം പൊതുവേ കുറവാണ് ഈ പഞ്ചായത്തിൽ. കർഷകരാണ് ഇവിടെ കൂടുതലുള്ളത്.ചെറുകിട കച്ചവടക്കാരുടെ എണ്ണം വർദ്ധിച്ചു വരുന്നുണ്ട്. പാമ്പാക്കുട ടൗണിൽ മാത്രമായിരുന്നു കാര്യമായ വികസനം ദൃശ്യമായിരുന്നത്.എന്നാൽ കാലഘട്ടത്തിനനുസരിച്ച് സമീപ പ്രദേശങ്ങളിലേക്കും വികസനം വ്യാപിച്ച് കഴിഞ്ഞു.കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയാണ് സാമ്പത്തിക തകർച്ചയ്ക്ക് ആക്കം കൂട്ടുന്നത്.അടുത്ത തലമുറയുടെയെങ്കിലും കാലത്ത് സാമ്പത്തിക നില മെച്ചപ്പെടും എന്ന് ആശിക്കാം.നമ്മുടെ നാട്ടിൽ ജോലി സാധ്യത കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വിദേശനാടുകളിൽ ജോലി തേടുന്നതിന് വേണ്ട കഴിവുകൾ നൽകി കുട്ടികളെ നമുക്ക് വളർത്തിയെടുക്കണം.വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം അതിനുള്ള അവസരമായി നമുക്ക് ഉപയോഗിക്കാം.

പ്രാദേശിക സാമ്പത്തിക രംഗത്തെ വളർച്ചയും അതോടൊപ്പം തൊഴില് അവസരങ്ങള് സൃഷ്ടിക്കാനുള്ള ശ്രമങ്ങളും പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ആരോഗ്യമേഖലയിൽ നമുക്ക് ഒരു സാമൂഹ്യ ആരോഗ്യ കേന്ദ്രവും 3 സബ്സെന്ററുകളും ഉണ്ട്. അഞ്ച് ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്. ഹോമിയോ ആശുപത്രികൾ രണ്ടെണ്ണവും ആയുർവേദ ആശുപത്രി ഒരെണ്ണവും ഇവിടെയുണ്ട്. പുതുതായി ബസ് സ്റ്റാൻഡില് ആയൂർവേദ സബ് സെൻറര് ആരംഭിക്കുന്നതിനുള്ള നടപടികള് അന്തിമ ഘട്ടത്തിലാണ്.

പട്ടികജാതി പട്ടികവർഗക്കാരുടെ ക്ഷേമത്തിന് പഞ്ചായത്ത് വളരെയധികം ശ്രദ്ധ പുലർത്തുന്നുണ്ട്. ഭൂമിയും ഭവനവും ഓരോ കുടുംബത്തിനും ഉറപ്പുവരുത്തുവാൻ പഞ്ചായത്ത്

ശ്രദ്ധിക്കുന്നുണ്ട്. അഗതിരഹിത പഞ്ചായത്ത് എന്നത് പാമ്പാക്കുട പഞ്ചായത്തിൻറെ പ്രഥമ ലക്ഷ്യങ്ങളിലൊന്നാണ്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 2 വർഷമായി പഞ്ചായത്ത് ജില്ല പഞ്ചായത്തിൻറെ സഹകരണത്തോടെ സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

ശുചിത്വമുള്ളതും വൃത്തിയും,വെടിപ്പുമുള്ളതുമായ റോഡുകൾ ഏതൊരു പഞ്ചായത്തിന്റെയും ആഗ്രഹമാണ്.മാലിന്യമുക്തവും കൊതുകുമുക്തവുമായ പൊതു ഇടങ്ങൾ വികസിപ്പിക്കണം. സാമൂഹ്യ ക്ഷേമ പെൻഷനുകൾ ലഭ്യമാകുന്ന മുറയ്ക്ക് കൃത്യമായി എത്തിച്ചു നൽകുന്നു. കിടപ്പുരോഗികൾക്ക് സാന്ത്വന പദ്ധതിയായ പാലിയേറ്റീവ്കെയർ പദ്ധതി നല്ലനിലയിൽ നടക്കുന്നു.

കാലാവസ്ഥ വ്യതിയാനം തീർക്കുന്ന വിഷമതകൾ ദീർഘകാലാടിസ്ഥാനത്തിൽ നിലനിൽക്കും എന്നത് ഒരു വെല്ലുവിളിയാണ്.സമയക്രമം പാലിച്ച് പദ്ധതികൾ പൂർത്തീകരിക്കാത്തതും വെല്ലുവിളിതന്നെയാണ്.പഞ്ചായത്തിൻറെ ഭരണസമിതിയുടെയും ജീവനക്കാരുടെയും,എല്ലാ മേഖലയിലുള്ളവരുടെയും കഠിനാധ്വാനം ഉണ്ടെങ്കിൽ മാത്രമേ വെല്ലുവിളികൾ പരിഹരിക്കുന്നതിന് കഴിയുകയുള്ളൂ. സാമ്പത്തിക പ്രതിസന്ധി ബാധിക്കാത്ത മേഖലകളില്ല. സാമ്പത്തിക മുന്നേറ്റം സാധ്യമാക്കുവാൻ കുറുക്കുവഴികളുമില്ല.വ്യക്തമായ കാഴ്ച്ചപ്പാടും തെളിഞ്ഞ ദിശാബോധവും കഠിനാധ്വാനവും കൈമുതലാക്കി നാടിൻറെ വികസനം ഓരോ കുടുംബത്തിന്റെയും വികസനത്തിന് ഉതകും എന്ന് തിരിച്ചറിഞ്ഞ് നമുക്ക് പ്രയത്നിക്കാം.ആസൂത്രണത്തിലെ ജനപങ്കാളിത്തം വികസനത്തെ ത്വരിതപ്പെടുത്തുകയും ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.പതിനാലാം പഞ്ചവത്സര പദ്ധതിയിലെ അവസാന വർഷം നമുക്ക്നമ്മുടെ ലക്ഷ്യങ്ങളിലേക്ക് വഴി നയിക്കും എന്ന് പ്രത്യാശിക്കാം.

## അദ്ധ്യായം 2

### വാർഷികപദ്ധതി അവലോകനം 2025-26 .

2025-26 വർഷത്തിൽ വികസന ഫണ്ട്,ധനകാര്യകമ്മീഷൻ ഗ്രാൻഡ്, പട്ടികജാതി വികസന ഫണ്ട് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം,ശുചിത്വമിഷൻ വിഹിതം, തനത് ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ സംയോജിപ്പിച്ച് ജനോപകാരപ്രദമായ വിവിധ പ്രവർത്തികൾ ഏറ്റെടുത്തിട്ടുണ്ട്.ഉൽപാദന മേഖലയിൽ 8941160 രൂപയും സേവന മേഖലയിൽ 56910340 പശ്ചാത്തല മേഖലയിൽ 46504399 രൂപയും പട്ടികജാതി സേവന വിഭാഗത്തിൽ 5167146 രൂപയും വകയിരുത്തി പ്രവർത്തികൾ നല്ല രീതിയിൽ നടന്നു വരുന്നു.

കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലുമായി ജനോപകാരപ്രദമായ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു.നെൽകർഷകർക്ക് കൂലിച്ചെലവ്, കിഴങ്ങ്കൃഷിക്ക് കൂലി ചെലവ്(വനിത) കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. വാഴകൃഷിക്ക് ധനസഹായം, വളം വിതരണം, എച്ച് ഡി പി ഇ പോട്ട് വിതരണം (വനിതകൾക്ക്) എന്നിവ നടപ്പിലാക്കി വരുന്നു . ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ക്ഷീരസംഘം വഴി പാൽ അളക്കുന്ന എല്ലാ കർഷകർക്കുമായി ബാങ്ക് അക്കൗണ്ട് മുഖേന 850000 രൂപ നൽകുന്നതാണ്. മൃഗസംരക്ഷണത്തിൽ പെടുത്തി വനിതകൾക്ക് മുട്ടക്കോഴി വിതരണം,കിടാരി വിതരണം, പശുക്കൾക്ക് കാലിത്തീറ്റ വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ പാലിയേറ്റീവ് കെയർ ആയുർവേദ ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, പകർച്ചവ്യധി പ്രതിരോധ പ്രവർത്തനങ്ങള്, ഡയാലിസിസ് രോഗികൾക്കുള്ള പിന്തുണ, ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് ആരോഗ്യ സ്ഥാപനങ്ങളുടെ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തല് , അതി ദരിദ്രർക്ക് മരുന്ന് വാങ്ങൽ , മെൻസ്ട്രൂല് കപ്പ് തുടങ്ങിയ പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.

അടുത്ത അഞ്ചുവർഷം കൊണ്ട് ഭവനവും ഭൂമിയും ഇല്ലാത്ത എല്ലാവർക്കും മാന്യവും സുരക്ഷിതത്വമുള്ള ഭവനത്തോടൊപ്പം ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന ലൈഫ് ഭവന പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം സ്ഥലം വാങ്ങുന്നതിനും പുതിയ വീട് നിർമ്മാണത്തിനും പദ്ധതി ഏറ്റെടുത്തു സഹായം നൽകി വരുന്നു. ഭവന പുനരുദ്ധാരണം , ടോയ് ലെറ്റ് മെയിൻറനൻസ് എന്നിവ നടന്നുവരുന്നു. അതി ദരിദ്രരുടെ വീട്മെയിൻറനൻസ് വീട് വയറിംങ് എന്നിവയ്ക്കായി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.

ബാലസഭകളുടെ പ്രവർത്തനം വായനശാലകളിലേക്ക് മാറ്റുന്ന പക്ഷം വായനശാലകള് സജീവമാകുന്നതാണ്. വയോജനങ്ങൾക്കായി സായം പ്രഭ ഹോമും കെയർഗീവറുടെ സേവനവും നൽകുവാന് സാധിച്ചു.

അംഗനവാടി കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും വയോജനങ്ങളുടെയും മാനസിക ശാരീരിക ഉന്മേഷത്തിനായി കലാകായിക പരിപാടികൾ പഞ്ചായത്ത് സംഘടിപ്പിക്കുന്നുണ്ട്. പഞ്ചായത്തിലെ ഭിന്നശേഷികുട്ടികൾക്കുള്ള സ്കോളർഷിപ്പ് മുഴുവന് ഗുണഭോക്താക്കൾക്കും കൊടുക്കുവാന് സാധിച്ചിട്ടുണ്ട്. തുടർന്നും ടി സ്കോളർഷിപ്പ് നൽകുന്നതാണ്. കൂടാതെ എസ്.സി വിദ്യാർത്ഥികൾക്കായി വിജയഭേരി സ്കോളർഷിപ്പും ജില്ല പഞ്ചായത്തിൻറെ സഹകരണത്തോടെ നൽകുവരുന്നുണ്ട്.

കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളില് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി വാർഡുകളില് കുടിവെള്ള വിതരണം എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിലേക്കായി തെരുവ് വിളക്കുകൾ വാങ്ങി സ്ഥാപിക്കല് എന്ന പ്രവൃത്തി നടപ്പിലാക്കി വരുന്നു.

## അദ്ധ്യായം 3

## പ്രശ്ന വിശകലനവും പ്രശ്നപരിഹാര സാധ്യതകളും

### പൊതുഭരണം ധനകാര്യവും

പഞ്ചായത്തിൽ ഒരു സൽഭരണം കാഴ്ചവയ്ക്കുന്നതിനായി വേണ്ട പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പിലാക്കുക എന്ന നയസമീപനത്തിന്റെ ഭാഗമായി ഏറ്റവും മെച്ചപ്പെട്ട സേവനം കൃത്യമായും കാര്യക്ഷമമായും നൽകുന്നതിനായി ഭരണസമിതിയുടെയും ജീവനക്കാരുടെയും ശക്തമായ ഒരു കൂട്ടായ്മ പ്രവർത്തിക്കുന്നു.പൗരാവകാശരേഖ കാലാകാലങ്ങളിൽ പുതുക്കിയും അത് ജനങ്ങൾക്ക് ലഭ്യമാക്കിയും വിവരാവകാശ നിയമപ്രകാരം നൽകുന്ന വിവരങ്ങൾ കുറ്റമറ്റതാക്കിയും പൊതുജന പരാതി പരിഹാരസെൽ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചും പരാതികളിൻമേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ചും മെച്ചപ്പെട്ട സേവന സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് .പൊതുജനങ്ങൾക്ക് സേവനങ്ങൾ കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം നടപ്പിലാക്കുക വഴി പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കൈവരിക്കാൻ സാധിച്ചു. പഞ്ചാ യത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി മുഴുവൻ നികുതികളും സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും, കിട്ടാവുന്ന എല്ലാ വിഭവങ്ങളും സംഭരിച്ചു കൊണ്ട് സമ്പൂർണ്ണ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതാണ്.

വിഭവസമാഹരണം ധനകാര്യ മാനേജ്മെന്റിന്റെ ചുമതലയും ഉത്തരവാദിത്വവുമാണ്. ഫണ്ട് സമാഹരണം എന്നതുപോലെ ഫണ്ടിൻറെ സൂക്ഷ്മതയോടെയുള്ള കൈകാര്യം ചെയ്യലും പ്രധാനമാണ്.പഞ്ചായത്തിലെ ജീവനക്കാർ പ്രതിബദ്ധതയോടെ പ്രവർത്തിച്ച് വിവിധ നികുതികൾ വർഷാവർഷം മുഴുവനായും പിരിച്ചെടുക്കുക എന്നത് അഭിനന്ദനീയമാണ്. പഞ്ചായത്ത് പ്രദേശത്തുള്ള അനധികൃത കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി നികുതിയീടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. സാമ്പത്തിക ഞെരുക്കം ഈ സർക്കാരിനെയും അലട്ടുന്നത് പദ്ധതി ചെലവിനെ ബാധിക്കാറുണ്ട്. പദ്ധതികൾ കാലേകൂട്ടി പൂർത്തീകരിച്ചാല് ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. പല പഞ്ചായത്ത് സേവനങ്ങളും ഓൺലൈന് ആയി സമർപ്പിക്കാന് സാധിക്കുമെങ്കിലും ജനങ്ങളെ കൂടുതല് ബോധവാൻമാര് ആക്കുവാന് നമുക്ക്

കഴിഞ്ഞിട്ടില്ല. ആയത് പരിഹരിക്കുന്നതിലേക്കായി ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തേണ്ടതുണ്ട്.

Clean and Green Village എന്ന തീം അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കാണ് വരും വർഷത്തില് ധനകാര്യ കമ്മീഷന് ഗ്രാൻറ് തുക ചിലവഴിക്കുവാന് പഞ്ചായത്ത് മുൻഗണന നൽകിയിരിക്കുന്നത്.

**കൃഷി**

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാമമാത്ര കർഷകരാണ് കേരളത്തിൽ കൂടുതൽ ഉള്ളത്. ആകയാൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ഇവർ കൂലിച്ചെലവ് താങ്ങാൻ ആവുന്നതല്ല.കൃഷിക്കാവശ്യമായ എല്ലാ സാധനങ്ങളുടെയും വില വർഷാവർഷം കൂടുന്നതല്ലാതെ കുറയുന്നില്ല.ഉഴവൂർ തോട്ടിൽ ഒഴിച്ച് ബാക്കിയുള്ള തോടുകളിൽ 12 മാസവും ജലം കിട്ടാത്തതും കൃഷിയെ ബാധിക്കുന്നുണ്ട്.വിലക്കുറവ് അനുഭവപ്പെടുന്ന ഒരു മേഖലയെ കൃഷിക്കാർക്ക് ഉള്ളൂ. അവരുടെ കാർഷികോൽപ്പന്നങ്ങൾക്കാണ്. അവിടെ നിയന്ത്രിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ഉണ്ട്. സർക്കാർ പാൽ വില നിയന്ത്രിക്കുന്നത് ഒരു ഉദാഹരണം ആണ്. വിഷമയമായ പച്ചക്കറികളാണ് വിപണികളിൽ ലഭ്യമാകുന്നത്.ഇത് ഭാവിതലമുറകൂടി നേരിടുന്ന രൂക്ഷമായ പ്രശ്നമാണ്.കേരളീയർ ഏറ്റവും കൂടുതല് ഉപയോഗിക്കുന്ന വെളിച്ചെണ്ണയില് വരെ സൾഫര് സാന്നിധ്യം തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന പച്ചക്കറി/പലവ്യഞ്ജനങ്ങളുടെ ഉപയോഗം നമ്മളെ രോഗികളാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്.അതുകൊണ്ട് വീടുകളിലെ കൃഷിയെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.മാറ്റം വീടുകളിൽ നിന്നും തുടങ്ങേണ്ടതാണ്.

**മൃഗസംരക്ഷണവും ക്ഷീര വികസനവും**

കന്നുകാലി വളർത്തൽ പ്രതിസന്ധിയിലാണ് തീറ്റ സാധനങ്ങളുടെ വിലവർധനവ്,പരിപാലന ചെലവ് വർദ്ധനവ്,മുന്തിയയിനം പശുക്കൾക്ക് കൂടെ കൂടെ ഉണ്ടാകുന്ന വിവിധതരം രോഗങ്ങൾ,ഉൽപ്പാദന ചെലവിന് അനുസരിച്ച് പാലിന് വില ലഭിക്കാത്തത് എന്നിവയാണ് കാരണങ്ങൾ.വൈക്കോൽ,പുല്ല് എന്നിവയുടെ ലഭ്യത കുറവും പ്രശ്നമാണ്.പശു വളർത്തൽ വ്യക്തികളിൽനിന്നും കൂട്ടായശ്രമങ്ങളിലേക്ക് മാറ്റണം . പാൽ വിലയുടെ 20 ശതമാനം സബ്സിഡി ലഭ്യമാക്കണം. കാലികൾക്ക് ഇൻഷൂറൻസ് പരിരക്ഷ നൽകുക.

പഞ്ചായത്ത് പ്രദേശത്ത് മുൻ വർഷങ്ങളിലായി 50ൽപ്പരം കിടാരികളെ വിതരണം ചെയ്തിട്ടുള്ളതാണ്. ഈ വർഷം ആട്ടിന് കുട്ടികൾക്ക് മുൻഗണന കൊടുക്കുന്നതിനു തീരുമാനിച്ചു. കൂടാതെ കറവപശുക്കൽക്ക് കാലിത്തീറ്റസബ്സിഡി ,ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി തുടങ്ങിയ പദ്ധതികളും നടപ്പിലാക്കുന്നതാണ്.

## പ്രാദേശിക സാമ്പത്തിക വികസനം

നാട് നേരിടുന്ന പ്രധാന വെല്ലുവിളി തൊഴിലില്ലായ്മയാണ്.പ്രാദേശികമായിആരംഭിക്കാവുന്ന ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ തൊഴിൽ ലഭ്യത ഉറപ്പാക്കി കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പ വരുത്തുക എന്നതാണ് ഈ മേഖല ലക്ഷ്യമിടുന്നത്.പ്രാദേശികമായി ലഭ്യമാകുന്ന തേങ്ങ,ചക്ക,മാങ്ങ പൈനാപ്പിൾ കപ്പ എന്നിവ ഉപയോഗിച്ച് ഗുണമേന്മയുള്ളതും ആരോഗ്യകരമായ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി ശരിയായ വിപണന ശൃംഖലയിലൂടെ പിഴവില്ലാതെ എത്തിച്ചു നൽകിയാൽ വിജയകരമാക്കാവുന്നതാണ്.ഇക്കാര്യങ്ങൾ ഉറപ്പവരുത്തുവാൻ സംവിധാനം വേണം കുടുംബശ്രീ അയൽക്കൂട്ടങ്ങളെ ഇക്കാര്യത്തിൽ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. പ്രാദേശിക സാമ്പത്തിക രംഗത്തെ വളർച്ചയും അതോടൊപ്പം തൊഴിൽ അവസരങ്ങള് സൃഷ്ടിക്കാനുള്ള ശ്രമങ്ങളും പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം തുടങ്ങുന്ന കാര്യവും പരിഗണനയിലാണ്.

## ദാരിദ്ര്യ ലഘൂകരണം

ദരിദ്ര ജനവിഭാഗങ്ങളെ സമൂഹത്തിൻറെ മുഖ്യധാരയിൽ എത്തിക്കുന്നതിന് അക്ഷീണ പ്രവർത്തനങ്ങൾ ആവശ്യമാണ് .അടിസ്ഥാന ആവശ്യങ്ങൾ നിർവഹിച്ചുകൊണ്ട് മാത്രമേ ഇത് സാധിക്കുകയുള്ളൂ. വീട്,കക്കൂസ്, കുടിവെള്ളം, വൈദ്യുതി, കുറഞ്ഞ നിരക്കിൽ ഭക്ഷ്യോല്പന്നങ്ങൾ എന്നിവ ഉറപ്പാക്കണം .ഗതാഗത സൗകര്യം വികസിപ്പിക്കണം.നല്ല വിദ്യാഭ്യാസം കുട്ടികൾക്ക് നൽകണം. നൈപുണ്യ വികസനവും വ്യക്തിത്വ വികാസവും സാധ്യമാക്കി വിദ്യാഭ്യാസമുള്ളവർക്ക് തൊഴിൽ ലഭ്യമാക്കണം. പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ വിവിധ സർവ്വേകളിലൂടെ പഞ്ചായത്ത് പ്രദേശത്ത് കണ്ടെത്തിയ അതി ദരിദ്രർക്ക് ആവശ്യമായ മൈക്രോ പ്ലാൻ നടപ്പിലാക്കിയും സമ്പൂർണ്ണ ദാരിദ്ര്യ നിർമ്മാർജ്ജനം ഉറപ്പവരുത്തുന്നതാണ്. ആയതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഈ വർഷം മുൻഗണന നൽകുക

## സാമൂഹ്യനീതി

സാമൂഹ്യനീതി എല്ലാവരുടെയും അവകാശമാണ്. തുല്യത എല്ലാ ഇന്ത്യൻ പൗരന്മാർക്കും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നു. സാമൂഹ്യനീതി ലഭിക്കാതെ വരുന്നത് ഒരേ സമയം അവകാശ നിഷേധവും ഭരണഘടനാ തത്വങ്ങൾക്ക് എതിരുമാകുന്നു. നമ്മുടെ സ്ത്രീകൾക്ക് സമ്പൂർണ്ണമായ സാമൂഹ്യനീതി ലഭിക്കുന്നില്ലെങ്കിൽ അവർക്ക് ഭരണഘടന വിഭാവന ചെയ്ത അവസരങ്ങളും സമത്വവും അനുബന്ധ അവകാശങ്ങളും ലഭിക്കുന്നില്ല എന്ന ഗുരുതരമായ സ്ഥിതി വിശേഷത്തിന് കാരണമാകുന്നു.

വയോജനങ്ങൾ ഭിന്നശേഷിക്കാർ ഭിന്നലിംഗക്കാർ കുട്ടികൾ എന്നീ പരസഹായം ഇല്ലാതെ കഴിയുവാൻ കഴിയാത്തവരുടെ ഉന്നമനം ലക്ഷ്യമാക്കി ആരോഗ്യവകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, പോലീസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടത്തുന്ന പ്രവർത്തനങ്ങളാണ് ഇവിടുള്ളത്. കിടപ്പിലായ രോഗികളുടെ സാന്ത്വന പരിചരണവും ഇതിൽപ്പെടുന്നു. നൈപുണ്യ നഗരം ഡിജിറ്റൽ ലിറ്ററസി പ്രോഗ്രം,സായം പ്രഭ ഹോം തുടങ്ങിയ പദ്ധതികൾ വയോജനങ്ങൾക്കായി ജില്ല പഞ്ചായത്തിൻറെ സഹകരണത്തോടെ നടക്കുന്നു . വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും സാധാരണ വിഹിതത്തിന്റെ 5% വീതം നീക്കിവെക്കുന്നുണ്ട്. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് , ഭിന്നശേഷി കുട്ടികൾക്ക് കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കുക എന്നിവ വഴി ഭിന്നശേഷിക്കാർക്ക് കൂടുതൽ പ്രോത്സാഹനം നൽകുവാന് സാധിക്കുന്നതാണ്. അംഗനവാടികളുടെ പ്രവർത്തനം മുകവുറ്റതാക്കുന്നതിനുള്ള പദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്.

## വനിതാ വികസനം

2011 ലെ സെൻസസ് പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്തിൽ 8847 വനിതകളാണുള്ളത്. ഇതിൽ 7591 സ്ത്രീകൾ സാക്ഷരരാണ്.1579 വനിതകൾ വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നു.പഞ്ചായത്തീരാജ് നിയമം മൂലം നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങള് 94ന് ശേഷം വനിതകളുടെ സാമൂഹ്യ നില വളരെയധികം ഉയർത്തിയിട്ടുണ്ട്.രാഷ്ട്രീയം,തൊഴിൽ, സേവനം എന്നീ രംഗങ്ങളിൽ എല്ലാം സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതിന് ഇടവന്നു.കുടുംബശ്രീയുടെ പ്രവർത്തനം സജീവമായതോടെ ഗ്രാമങ്ങളിലെ കുടുംബാന്തരീക്ഷം മെച്ചപ്പെടുകയും കുട്ടികളുടെ പഠന സൗകര്യങ്ങൾ വർദ്ധിക്കുന്നതിനും ഇടവന്നു.എല്ലാ കുടുംബത്തിനും ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നതിനും ചെറിയ സമ്പാദ്യം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞു.തൊഴിലുറപ്പ് പദ്ധതിയിൽ

പുരുഷന്മാരേക്കാൾ സ്ത്രീകളാണ് എന്നത് ശ്രദ്ധേയമാണ്.കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം വനിതകളെ നല്ല സംരംഭകരാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.ജാഗ്രതാ സമിതികളുടെ പ്രവർത്തനം സ്ത്രീകളുടെ സുരക്ഷയ്ക്കായി പ്രവർത്തിക്കുന്നു.സാധാരണ പദ്ധതി വിഹിതത്തിന്റെ 10% വനിതകൾക്ക് നീക്കി വയ്ക്കുന്നുണ്ട്.സമൂഹത്തിൽ തുല്യ പദവിയും ലിംഗസമത്വവും ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സാമ്പത്തിക സ്വാശ്രയത്വം വനിതാ ശാക്തീകരണത്തിലേക്ക് നയിക്കും.

നല്ല പരിശീലനം ലഭ്യമാക്കിയാൽ ചെറുകിട സംരംഭങ്ങൾ നടത്തി വിജയിക്കുവാൻ വനിതകൾക്ക് കഴിയും.ആ നിലയ്ക്കുള്ള പദ്ധതികൾക്ക് വാർഷിക പദ്ധതികളിൽ പ്രാമുഖ്യം നൽകണം.

**പട്ടികജാതി വികസനം**

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന് പട്ടികജാതി വിഭാഗക്കാർ കൂട്ടുതലായി താമസിക്കുന്ന രണ്ടാം വാർഡിലെ അയ്യന്താനം കോളനി, നാലം വാർഡിലെ ആൽപ്പാറ ലക്ഷം വീട് കോളനി, അഞ്ചാം വാർഡിലെ കൈനി ലക്ഷം വീട് കോളനി, ഒൻപതാം വാർഡിലെ തൊട്ടുവാക്കുഴി ലക്ഷം വീട് കോളനി , പതിമൂന്നാം വാർഡിലെ ലക്ഷംവീട് കോളനി എന്നിവയാണുള്ളത്. കോളനികളിൽ നിന്നും ആളുകള് മാറി താമസിക്കുവാന് തുടങ്ങിയിട്ടുള്ളതാല് ചില വാർഡുകളില് എസ്.സി.ഫീസിബിളിറ്റി ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഫീസിബിലിറ്റി ലഭ്യമായാൽ മാത്രമേ മരാമത്ത് പ്രവർത്തികള് നടത്തുവാന് സാധിക്കു.

എസ്.സി വിദ്യാർത്ഥികൾക്ക് ഉന്നതപഠനം ഉറപ്പാക്കുന്നതിലേക്കായി സ്കോളർഷിപ്പുകളും സ്കൂൾ കുട്ടികൾക്കായി പഠനോപകരണങ്ങളും അനുവദിക്കാവുന്നതാണ്. സബ്സിഡി നിരക്ക് വ്യത്യാസമുള്ള പദ്ധതികൾ എസ്.സി കാർക്ക് പ്രത്യേകമായി നടപ്പിലാക്കാവുന്നതാണ്. എസ്.സിക്കാർക്ക് പ്രത്യേകമായി ലൈഫ് പദ്ധതി, ഭവനപുനരുദ്ധാരണം,പഠനമുറി പോലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്..

**ആരോഗ്യം**

പാമ്പാക്കുട ഗ്രാമ പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത്സെൻറർ ആയുർവേദ ഡിസ്പെൻസറി രണ്ടു ഹോമിയോ ഡിസ്പെൻസറി എന്നിവയും നെയ്ത്തുശാലപടി,ഓണക്കൂർ പള്ളിപ്പടി,പെരിയപ്പുറം എന്നിവിടങ്ങളിൽ ഓരോ സബ്സെന്ററുകളും ഉണ്ട്.

സൗജന്യ ചികിത്സയാണ് സർക്കാർ ആശുപത്രികളിൽ ലഭിക്കുന്നത് കൂടാതെ പകർച്ചവ്യാധി നിയന്ത്രണം ആരോഗ്യ ബോധവൽക്കരണം എന്നിവ നല്ല രീതിയിൽ നടക്കുന്നു.അഞ്ച് ഡോക്ടർമാർ അലോപ്പതി രംഗത്ത് പ്രവർത്തിക്കുന്നു കൂടാതെ പഞ്ചായത്തിലെ പൊതു ശുചിത്വ രംഗത്ത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും ലഭിക്കുന്നു.ഇവിടെ രോഗികൾക്ക് കിടത്തി ചികിത്സ ഇല്ലാത്തത് ഒരു പരിമിതിയാണ്.ആയുർവേദ ആശുപത്രി ടൗണിൽനിന്നും അകന്ന് ഓണക്കുറിൽ ആണ് പ്രവർത്തിക്കുന്നത്. നല്ല സേവനം നൽകുന്ന ഇവിടെ ധാരാളം രോഗികൾ മറ്റിടങ്ങളിൽ നിന്നും ചികിത്സ തേടി എത്തുന്നുണ്ട്.

ജീവിതശൈലി രോഗം പകർച്ചവ്യാധി നിയന്ത്രണം എന്നീ രംഗങ്ങളിലും ഹോമിയോ ആശുപത്രികളുടെ സേവനം ലഭിക്കുന്നുണ്ട്.കിടത്തി ചികിത്സ ഇവിടെയും നടത്തുന്നില്ല.

സി.എച്ച്.സി യുടെ നിയന്ത്രണം ബ്ലോക്ക് പഞ്ചായത്ത് ചുമതലയിലാണ്.അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കിയിട്ടുണ്ട്.ആയുർവേദ ആശുപത്രിയുടെയും ഹോമിയോ ആശുപത്രി യുടെയും മേൽനോട്ടം ഗ്രാമപഞ്ചായത്ത് നടത്തുന്നു.പൊതുവെ തൃപ്തികരമാണ് പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ എന്നത് ആശ്വാസകരമാണ്.കൂടാതെ ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് ആരോഗ്യസ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രൊജക്ടുകൾ ഈ സാമ്പത്തിക വർഷവും പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.

**കുടിവെള്ളം ശുചിത്വം**

കടുത്ത വേനലിൽ കുടിവെള്ളത്തിന് ഉയർന്ന പ്രദേശങ്ങളിൽ ക്ഷാമം നേരിടാറുണ്ടെങ്കിലും പൊതുവായി കുടിവെള്ളം ലഭ്യമാകുന്ന പഞ്ചായത്താണ് പാമ്പാക്കുട. ധാരാളം കിണറുകളും കുളങ്ങളും 2 തോടുകളും എം.വി.ഐ.പി യുടെ മൂന്ന് കനാലുകളും MI യുടെ ഒരു കനാലും ഇവിടെയുണ്ട്. ജലജീവൻ പദ്ധതിയിൽ ആവശ്യക്കാരായ എല്ലാവർക്കും കണക്ഷൻ നൽകാൻ പദ്ധതിയുണ്ട്.അതുവഴി പൊതുടാപ്പുകൾ ഒഴിവാക്കാം എന്ന് കരുതുന്നു.

വെളിയിട വിസർജ്ജന രഹിത പഞ്ചായത്താണ് നമ്മുടേത് എല്ലാവർക്കും കക്കൂസുകളും നൽകി.പരിസര ശുചിത്വം ഒപ്പം പാലിക്കുന്നതിൽ പൊതുജനങ്ങളുടെ സഹകരണം ആവശ്യമാണ്. പഞ്ചായത്തിൽ ശുചിത്വവുമായി ബന്ധപ്പെട്ട് രൂപീകൃതമായിരിക്കുന്ന ഹരിത കർമ്മ സേനയുടെ പ്രവർത്തനം 13 വാർഡുകളിലും കാര്യക്ഷമമായി നടന്നുവരുന്നു. പഞ്ചായത്തിലെ 13 വാർഡുകളിലെ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള നടപടികൾ ഹരിത കർമ്മസേന

നടത്തിവരുന്നു. കൂടാതെ പഞ്ചായത്ത് പ്രദേശത്തെ വാർഡ് മെമ്പർമാരുടെ നേതൃത്തത്തില് വിവിധ വാർഡുകളില് നിന്ന് ശേഖരിച്ച 22 ടണ് ഓളം വരുന്ന ലെഗസി വേസ്റ്റ് നീക്കം ചെയ്തത് ഈ രംഗത്തെ നേട്ടം തന്നെയാണ്.

ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം വ്യക്തികളും കുടുംബങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. പൊതുജനങ്ങളുടെ സഹകരണം ഉണ്ടെങ്കിൽ മാത്രമേ പഞ്ചായത്തിന് ഒരു മാലിന്യ വിമുക്ത പഞ്ചായത്ത് ആക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സാധിക്കുകയുള്ളൂ. ഖര,ജല,വായു മലിനീകരണങ്ങളെ ശാസ്ത്രീയമായി നേരിട്ട് നിയന്ത്രിക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. എല്ലാ വീടുകളിലും ശുചിത്വമുള്ള കക്കൂസ് നിർമ്മിക്കുന്നതിന് ആവശ്യമായ സഹായസഹകരണങ്ങൾ പഞ്ചായത്ത് നൽകി വരുന്നുണ്ട്.പഞ്ചായത്തിൻറെ ചിലയിടങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി കരുതുന്ന സാമൂഹ്യദ്രോഹികൾ ഉണ്ട്.അവരെ കണ്ടെത്തി പിഴ ഈടാക്കിക്കുന്നതിനു പഞ്ചായത്ത് ശ്രമിക്കുന്നുണ്ട്. കൂടാതെ ജൈവ മാലിന്യ സംസ്കരണത്തിനായി വീടുകളില് ബക്കറ്റ് കമ്പോസ്റ്റും ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുന്നുണ്ട് കൂടാതെ ഇതിനു വേണ്ട പ്രോത്സാഹനവും പഞ്ചായത്ത് നൽകുന്നുണ്ട് .ശുചിത്വ ഗ്രാമം സുന്ദര ഗ്രാമം എന്ന ലക്ഷ്യം കൈവരിക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിനായി ഹരിതകർമ്മസേനയുടെ സഹായവും ലഭിക്കുന്നുണ്ട്.

### വിദ്യാഭ്യാസം

വിദ്യാഭ്യാസം അവകാശമായി അംഗീകരിക്കപ്പെട്ട രാജ്യമാണ് ഇന്ത്യ.വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതോടൊപ്പം സമൂഹത്തിൻറെ വികസനത്തിനും വഴിവയ്ക്കും.ഈ ഗ്രാമത്തിൽ 1894 ല് തന്നെ ഒരു സർക്കാർ മലയാളം സ്കൂൾ പ്രവർത്തനം ആരംഭിച്ചിരുന്നു എന്നത് വിദ്യാഭ്യാസ കാര്യത്തിൽ നമ്മുടെ പൂർവികർ ചെലുത്തിയ നിഷ്ടത വലുതാണെന്ന് കാണാം.നിലവിൽ പഠനാവശ്യത്തിനുതകുന്ന സ്കൂളുകൾ ഇവിടെയുണ്ട് ശാസ്ത്രസാങ്കേതിക കോളേജുകൾ രണ്ടെണ്ണം ഉണ്ട് സ്വകാര്യമേഖലയിൽ ഒരു സിബിഎസ്ഇ സ്കൂളും ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തിക്കുന്നുണ്ട്.ഈ പഞ്ചായത്തിൽ ഒരു എൽപി സ്കൂളും 6 യു പി സ്കൂളും 2ഹൈസ്കൂൾ /ഹയർസെക്കൻഡറി സ്കൂളുകളും പ്രവർത്തിക്കുന്നു.പഞ്ചായത്തിന് കീഴിൽ ഒരു എൽപി സ്കൂളും നാല് യുപി സ്കൂളുകളും ആണുള്ളത്.ഈ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിച്ചിട്ടുണ്ട്.

അഞ്ച് ലൈബ്രറികൾ ഉണ്ടെങ്കിലും സജീവ പ്രവർത്തനം കുറവാണ്. ദൃശ്യമാധ്യമങ്ങളുടെ കടന്നു കയറ്റം ജനങ്ങളെ വായനയിൽ നിന്നും അകറ്റുന്നുണ്ട്. ഇതിനു പരിഹാരമെന്നോണം കുട്ടികളെ മറ്റു വിനോദങ്ങളിൽ വ്യാപ്രതരാക്കേണ്ടതുണ്ട് തായ്ക്കോണ്ടോ പരിശീലനം, ലൈബ്രറിയുടെ നടത്തിപ്പ് എന്നീ പ്രോജക്ടുകൾക്ക് മുൻഗണന നൽകുന്നതാണ്.

കുട്ടികളിലും യുവാക്കളിലും ലഹരിയുടെ ഉപയോഗം കൂടുതലായി കാണപ്പെടുന്നുണ്ട്. ആയത് തടഞ്ഞ് ഭാവിതലമുറയെ സുരക്ഷിതമാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. കൂടാതെ കുട്ടികളിൽ സ്വയം പ്രതിരോധശേഷി വളർത്തേണ്ടതും അത്യാവശ്യമാണ്. ഇതിനായുള്ള കായിക ക്ഷമത പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികള് എന്നിവ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്നതാണ്.

**പൊതുമരാമത്ത്**

പഞ്ചായത്തിൻറെ ഉടമസ്ഥതയില് 250 ലധികം റോഡുകളുണ്ട്. ഇതു കൂടാതെ ആസ്തിയിലുൾപ്പെടാത്ത മറ്റു റോഡുകളുമുണ്ട്. എല്ലാ റോഡുകളും ആസ്തിയിൽ ഉൾപ്പെടുത്തിയാല് മാത്രമാണ് ടി റോഡുകളുടെ നവീകരണത്തിനായി ഗ്രാമപഞ്ചയാത്തിന് പദ്ധതി ഏറ്റെടുക്കുവാൻ സാധിക്കു.റോഡുകൾ കൂടാതെ പൊതു കിണറുകള് കുളങ്ങള് കെട്ടിടങ്ങള് എന്നിവയുടെ യഥാസമയത്തുള്ള പരിപാലനം കൃത്യമായി നടത്തേണ്ടത് അനിവാര്യമാണ്.

**കാലാവസ്ഥ**

കാലാവസ്ഥാ വ്യതിയാനം ലോകമൊന്നടങ്കം നേരിടുന്ന പ്രശ്നമാണ്.മനുഷ്യൻ പ്രകൃതിക്കുമേൽ നടത്തിയ അനിയന്ത്രിതമായ കയ്യേറ്റം പ്രകൃതി നിയമങ്ങളെയും പ്രകൃതിയുടെ സന്തുലിതാവസ്ഥയെയും തകർത്ത് മനുഷ്യർക്ക് തിരിച്ചടിയായി തീർന്നിരിക്കുകയാണ്. ഹരിതഗൃഹ വാതകങ്ങളുടെ സാന്ദ്രത അന്തരീക്ഷത്തിൽ വർദ്ധിക്കുന്നതിനാൽ അന്തരീക്ഷ ഊഷ്മാവ് കൂടുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.ഇത് പ്രകൃതിയുടെ സ്വാഭാവിക പ്രവർത്തനങ്ങളെ തകിടം മറിക്കുകയും ചെയ്യുന്നതിനാൽ മനുഷ്യർ ഇന്നുവരെ നേരിടാത്ത പ്രകൃതിദുരന്തങ്ങൾ അനുഭവിക്കുകയാണ്.

കാർബൺ ബഹിഷ്കരണം കുറച്ചും കൂടുതൽ മരങ്ങൾ വച്ചു പിടിപ്പിച്ചും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ നമുക്ക് നമ്മുടെ പങ്ക് നിർവഹിക്കേണ്ടതാണ്.

## അദ്ധ്യായം 4

## വികസന കാഴ്ച്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

കേരളത്തിലെ ഏതൊരു കാർഷിക ഗ്രാമവും നേരിടുന്ന പ്രശ്നങ്ങൾ പാമ്പാക്കുടയിലും പ്രകടമാണ്. ഉൽപ്പന്നങ്ങളുടെ വിപണിയും വിലയും കണ്ടെത്താൻ കഴിയാതെ വന്ന കർഷകർ കിട്ടുന്ന തുച്ഛമായ വിലയ്ക്ക് ഉൽപന്നങ്ങൾ വിറ്റഴിക്കാൻ നിർബന്ധിതപ്പെടുകയാണ്.ശ്രേണി സംബന്ധമായ വിപണന ശൃംഖലകൾ കണ്ടെത്തി കാർഷികോൽപ്പന്നങ്ങളുടെ വില്പന സുഗമമാക്കുന്നതിന് സർക്കാർ തലത്തിൽ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

താരതമ്യേന ഭൂവിസ്തൃതി കുറവും എന്നാൽ ജനസാന്ദ്രത കൂടിയും ഇരിക്കുന്ന കേരളത്തിലെ വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കൽ ശ്രമകരമാണ് അതുകൊണ്ടുതന്നെ വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിൽ സർക്കാരിനും പരിമിതികളുണ്ട്. തൊഴിൽ നൈപുണ്യം ഉറപ്പുവരുത്തി വിവിധ ജോലികൾ ചെയ്യുന്നതിന് ഇവരെ പ്രാപ്തരാക്കി സ്വദേശത്തും വിദേശത്തും തൊഴിൽ നേടുന്നതിന് യുവാക്കളെ സഹായിക്കുവാൻ സർക്കാർ സംവിധാനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. തൊഴിൽ നൈപുണ്യ വികസനം സാധ്യമാകുന്ന പഠനകേന്ദ്രങ്ങൾ ഇക്കാരണത്താൽ അഭികാമ്യമാണ്.

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രവർത്തനം സാമൂഹ്യ രംഗത്ത് ഉണ്ടാക്കിയ മാറ്റങ്ങൾ ശ്രദ്ധേയമാണ് പുരുഷകേന്ദ്രീകൃത കുടുംബ സംവിധാനത്തെ അത് കീഴ്മേൽ മറിച്ചു സാമ്പത്തിക സ്വയംപര്യാപ്തത നേടുന്നതിനും കുടുംബങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ബാങ്കിംഗ് മേഖലയുമായി കൈകോർത്ത് പ്രവർത്തനമേഖല വിപുലപ്പെടുത്തും സ്ത്രീസമൂഹത്തെ സ്വീകരിക്കുന്നതിൽ കുടുംബശ്രീ വഹിച്ച പങ്ക് ചെറുതല്ല ഓരോ കുടുംബത്തെയും കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിലും സ്ത്രീകളുടെ ശ്രദ്ധയും കരുതലും മുതൽമുടക്കും ഗുണപരമായ മാറ്റങ്ങൾ കൊണ്ടു വന്നിട്ടുണ്ട്. മുൻവർഷങ്ങളിൽ വനിതകൾക്ക് കിടാരി വിതരണം,വനിതകൾക്ക് മുട്ടക്കോഴി വിതരണം മുതലായ പ്രൊജക്ടുകൾക്കായിരുന്നു പഞ്ചായത്ത് മുൻഗണന നൽകിയിരുന്നത്.എന്നാൽ വനിതകളുടെ ഇത്തരത്തിലുള്ള പ്രൊഡക്ടുകൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്കായി പാമ്പാക്കുട പഞ്ചായത്ത് മാർക്കറ്റിന് സമീപത്ത് ഒരു വിപണന കേന്ദ്രം ആരംഭിക്കാൻ പഞ്ചായത്ത് താൽപര്യപ്പെടുന്നുണ്ട്. പഞ്ചായത്തിലെ വിധവകൾക്ക് കൂടുതൽ പരിഗണന നൽകുന്നതിന്റെ ഭാഗമായി വരും വർഷത്തിൽ വനിതകൾക്ക് കിടാരി വിതരണം പ്രോജക്ടിൽ വിധവകൾക്ക് ആദ്യ പരിഗണന നൽകാനാണ് പഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്.

വിവിധ കുടുംബശ്രീ യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കി പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് ഒരു ബ്രാൻഡ് നെയിമിൽ ഇതര സ്ഥാപനങ്ങളിൽ തുടർച്ചയായി സപ്ലൈ ചെയ്യുന്നതിന് സാധിച്ചാൽ ഈ രംഗത്ത് മുന്നേറ്റം നടത്തുവാൻ നമുക്ക് കഴിയും ആ വഴിയും ആലോചിക്കാവുന്നതാണ്.

വികസന തുടർച്ച ഒരു അനിവാര്യതയാണ് ശ്രദ്ധയും ഏകോപനവും ഉണ്ടാകണം മുൻഗണനകൾ കൃത്യമായും വ്യക്തമായും പ്ലാൻ ചെയ്യണം അതിന് ആവശ്യക്കാർക്ക് സുതാര്യതയും ജനാംഗീകാരവും വേണം ഓരോ വ്യക്തിക്കും വികസനം എനിക്കും കൂടി ഉള്ളതാണെന്ന് ബോധമുണ്ടാകുന്നത് ആകണം പഞ്ചായത്ത് അതിൻറെ വികസന കാഴ്ചപ്പാട് അവതരിപ്പിച്ചിട്ടുള്ളത് സർവ്വ ജനത്തേയും കണക്കിലെടുത്താണ്. ഇനിയും ഭവനം ലഭ്യമാകേണ്ടവർക്ക് അത് ലഭ്യമാക്കുന്നതിന് വരുന്ന പഞ്ചവത്സര പദ്ധതി കാലത്ത് പഞ്ചായത്ത് സ്വന്തം ഭവനപദ്ധതി ആരംഭിക്കുന്നതാണ് വായ്പ ബന്ധിത പദ്ധതിയാണിത് ഓരോ കുടുംബത്തിനും ചെറുതെങ്കിലും വരുമാനം ഉറപ്പാക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്.

അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമവും കുറ്റമറ്റതും ആകണം കൊച്ചു കുട്ടികളുടെ ശാരീരിക മാനസിക വികസനത്തിന് ആദ്യപടിയെന്ന നിലയിൽ ആരോഗ്യവകുപ്പിലെ ഇടപെടൽ ഇവിടെ ഉറപ്പുവരുത്തണം. മാനസികാരോഗ്യ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയാൽ കുട്ടികളുടെ ബൗദ്ധിക നിലവാരം മനസ്സിലാക്കി പഠനം കലാകായിക രംഗങ്ങളിൽ യഥാകാലം അവരുടെ ക്രമാനുഗത വളർച്ച സാധ്യമാക്കാവുന്നതാണ്. പോഷക സമൃദ്ധമായ ഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം ഈ രംഗത്ത് അങ്കണവാടികൾ നൽകിവരുന്ന സേവനം തുടർന്നും നൽകേണ്ടതുണ്ട്.

കുടിവെള്ളത്തിന്റെ ലഭ്യത ജല ജീവൻ പദ്ധതി പൂർത്തീകരിക്കുന്നതോടെ പൂർണ്ണതയിൽ എത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം തെരുവുവിളക്കുകൾ എല്ലായിടങ്ങളിലും എത്തിക്കേണ്ടതുണ്ട് ഗതാഗതസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് യഥാസമയം റോഡുകളുടെ പുനരുദ്ധാരണം ഉറപ്പുവരുത്തണം ഓടകൾ ശുചിയാക്കുകയും ജലംമൊഴുക്ക് സുഗമമാക്കേണ്ടതുമുണ്ട്.

വിദ്യാഭ്യാസരംഗം വളരെയധികം പരിഷ്കരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. നാടിനോടൊപ്പം പോകുന്നതിന് വിദ്യാർഥികളെയും രക്ഷിതാക്കളെയും അധ്യാപകരെയും സജ്ജമാക്കേണ്ടതുണ്ട്. സാങ്കേതിക രംഗത്തെ മുന്നേറ്റം വിജ്ഞാന വിപ്ലവത്തിന് തിരികൊളുത്തിയിരിക്കുകയാണ് ഇൻറർനെറ്റിലൂടെ ഒരോ വിഷയത്തിലും കുറ്റമറ്റ വിവരം ലഭ്യമാണ്. ശരിയായവ തെരഞ്ഞെടുക്കുക എന്നത് വളരെ ശ്രദ്ധയോടെ ചെയ്യേണ്ട പ്രവർത്തിയാണ് അവിടെയാണ് അധ്യാപകർ ശ്രദ്ധിക്കേണ്ടതും വഴികാട്ടേണ്ടതും. ഇൻറർനെറ്റ് ലഭ്യത കുറഞ്ഞ

ചെലവിൽ ഉറപ്പുവരുത്തുവാൻ കഴിയണം. സാമ്പത്തികം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് ഈ രംഗത്ത് സേവനം ഉറപ്പു വരുത്തണം. തൊഴിൽ നൈപുണ്യം ഉറപ്പു വരുത്തി വേണം കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പുറത്തേക്ക് വിടുവാൻ. വിദേശങ്ങളിൽ കുട്ടികൾക്ക് ജോലി ലഭ്യത ഉറപ്പു വരുത്തുവാൻ ആവശ്യം വേണ്ട നടപടികൾ വകുപ്പ് തലങ്ങളിൽ ഉണ്ടാകണം.

പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങളുടെ സമഗ്ര വികസനം സാധ്യമാകണം സാമ്പത്തിക മുന്നേറ്റം നേടുന്നതിന് വ്യക്തമായ പദ്ധതികൾ വേണം ആരോഗ്യം സമ്പത്ത് എന്നിവ ഉറപ്പാക്കണം ഓരോ കുടുംബത്തെയും കുട്ടികളുടെ ആരോഗ്യം ഉറപ്പുവരുത്തണം അവരുടെ വിദ്യാഭ്യാസ രംഗത്തെ പ്രകടനം മികവുറ്റതാക്കുന്നത് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം ഓരോ കുടുംബത്തിലെയും വിദ്യാഭ്യാസമുള്ള ഒരു യുവാവിനെ/യുവതിക്ക് വരുമാനം ഉറപ്പുള്ള ജോലി ഉറപ്പുവരുത്തണം സൗകര്യം മെച്ചപ്പെടുത്തണം സ്വയം തൊഴിൽ സംരംഭങ്ങളിൽ താല്പര്യമുള്ളവർക്ക് അതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കണം.

അരീക്കൽ വെള്ളച്ചാട്ടം നമുക്ക് പ്രകൃതി കനിഞ്ഞു നൽകിയ ഒരു അനുഗ്രഹമാണ് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിൽ നാൾക്കുനാൾ ഈ പ്രദേശത്തിന് കഴിയുന്നുണ്ട് അത് കൂടുതൽ മികവോടെ പരിപാലിച്ച്. സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ പഞ്ചായത്തിന് കാര്യമായ വരുമാനം ലഭിക്കുന്നതാണ് ആയതിന് പഞ്ചായത്ത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏകോപനം ഉറപ്പുവരുത്തിയിട്ടുണ്ട്.നമുക്ക് മികച്ച രീതിയിൽ തന്നെ ഈ പദ്ധതിയെ ഏറ്റെടുക്കാൻ സാധിക്കും കേരളത്തിലെ തന്നെ ഒരു മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കി വളർത്തിയെടുത്താൽ പഞ്ചായത്തിൻറെ മുഖച്ഛായതന്നെ മാറ്റുവാൻ നമുക്ക് കഴിയുന്നതാണ്. ഓണക്കൂറിലെ ഊരനാട്ട് ചിറയും ടൂറിസത്തിന് സാധ്യതയുള്ള ഒരു പ്രദേശമാണ് വിവിധ വികസന പദ്ധതികൾ ആലോചനയിലുണ്ട്.

വീടുകളിൽ നിന്നും പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് നീക്കം ചെയ്യുന്ന പദ്ധതി ഖരമാലിന്യ സംസ്കരണത്തിൽ വലിയൊരളവിൽ വിജയിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.ഉറവിട മാലിന്യ സംസ്കരണത്തിൽ തുടർന്നു വരുന്ന പദ്ധതികൾ കുറെക്കൂടി കാര്യക്ഷമതയോടെ നടപ്പിലാക്കേണ്ടതുണ്ട്.

അതെ സമഗ്രവികസനം നമുക്ക് ഒരു വെറും വാക്കല്ല ഉത്തരവാദിത്വമാണ് പഞ്ചായത്തിനും ജനങ്ങൾക്കും.

## അദ്ധ്യായം 5

## പ്രതീക്ഷിത വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും

## പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് 2026-27

### വിഭവ സ്രോതസ്സുകൾ

| ക്രമ നമ്പർ | ഫണ്ട് വിഹിതം | വിഭാഗം | തുക |
|---|---|---|---|
| 1 | വികസന ഫണ്ട് | ജനറൽ | 22810000 |
| 2 | വികസന ഫണ്ട് | എസ്.സി.പി | 5251000 |
| 3 | മെയിന്റനൻസ് ഫണ്ട് | റോഡിതരം | 7579000 |
| 4 | മെയിന്റനൻസ് ഫണ്ട് | റോഡ് | 22883000 |

## അദ്ധ്യായം 6

### പ്രോജക്ടുകളും അവയുടെ വിവരങ്ങളും 2026-27

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ലൈഫ് ഭവന നിർമ്മാണം ജനറൽ | 1500000 | 0 | 0 | 500000 | 0 | 500000 | 500000 | 0 | 0 | 3000000 | 6000000 |
| 2 | ലൈഫ് ഭവന നിർമ്മാണം പട്ടിക ജാതി | 0 | 300000 | 0 | 100000 | 0 | 100000 | 100000 | 0 | 0 | 200000 | 800000 |
| 3 | ഭവന പുനരുദ്ധാരണം പട്ടികജാതി | 0 | 1700000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1700000 |
| 4 | ഭവന പുനരുദ്ധാരണം പട്ടികവർഗം | 900000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 900000 |
| 5 | ഹരിതകർമ്മ സേന അതിദരിദ്രർ ആശ്രയ | 60000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 60000 |
| 7 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട | 180000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 180000 |
| 8 | ലൈഫ് വീടുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം | 0 | 0 | 240000 | 0 | 0 | 0 | 0 | 0 | 0 | 0 | 240000 |
| 9 | അങ്കണവാടി അനുപൂരക പോഷകാഹാരം | 700000 | 0 | 750000 | 0 | 0 | 0 | 0 | 0 | 0 | 0 | 1450000 |
| 10 | ഭവന പുനരുദ്ധാരണം ജനറൽ | 2025000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2025000 |
| 11 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത | 800400 | 0 | 0 | 0 | 0 | 400200 | 133400 | 0 | 0 | 0 | 1334000 |
| 12 | പി എംഎഐവിഹിതംനൽകൽ ജനറൽ | 40000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 40000 |
| 13 | അങ്കണവാടി പ്രവർത്തന ചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 175000 | 0 | 0 | 175000 |
| 14 | സായംപ്രഭ ഹോം നടത്തിപ്പ് | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 15 | സായംപ്രഭ ഹോം കെയർ ഗിവർ വേതനം | 84000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 84000 |
| 16 | വയോജനങ്ങൾക്ക് സഹായ ഉപകരണങ്ങൾ നൽകൽ | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 17 | ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 18 | അംഗനവാടികളിലേക്ക് വെയിങ് സ്കെയിൽ സ്റ്റേഡിയോമീറ്റർ വാങ്ങൽ | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 19 | അംഗനവാടികളിലേക്ക് ഫർണിച്ചർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 20 | അംഗനവാടികളിലേക്ക് ഗ്യാസ് സ്റ്റവ് അനുബന്ധ സാമഗ്രികൾ വാങ്ങൽ | 74800 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 74800 |
| 21 | ഭിന്നശേഷി കലോത്സവം | 75000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 75000 |
| 22 | വനിതകൾക്ക് സ്വയംതൊഴിൽ സംരംഭം വ്യക്തിഗതം | 270000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 270000 |
| 23 | പിഎംഎ വൈവിഹിതം നൽകൽ ജനറൽ | 67227 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 67227 |
| 24 | വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ | 0 | 0 | 0 | 0 | 291580 | 0 | 0 | 0 | 0 | 0 | 291580 |
| 25 | എബിസി പ്രോഗ്രാം വിഹിതം കൈമാറൽ | 225000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 225000 |
| 26 | ടെക്നിക്കൽ അസിസ്റ്റന്റ് വേതനം | 0 | 0 | 0 | 0 | 390600 | 0 | 0 | 0 | 0 | 0 | 390600 |
| 27 | കുടിവെള്ള വിതരണം | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 28 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 29 | സ്ട്രീറ്റ് ലൈറ്റ് മെയിൻറനൻസ് | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 30 | അരീക്കൽ ഫെസ്റ്റ് | 0 | 0 | 0 | 0 | 700000 | 0 | 0 | 0 | 0 | 0 | 700000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 31 | കേരളോത്സവം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 32 | ഐ കെ എം വിഹിതം നൽകൽ | 71915 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 71915 |
| 33 | വിജ്ഞാന കേരളം പ്രവർത്തനങ്ങൾ | 0 | 0 | 0 | 0 | 25000 | 0 | 0 | 0 | 0 | 0 | 25000 |
| 34 | ഐ എസ് ഒ സർട്ടിഫിക്കേഷൻ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 35 | പൗരാവകാശരേഖ തയ്യാറാക്കൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 36 | വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് മെയിൻറനൻസ് | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 37 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 450000 | 0 | 0 | 0 | 0 | 0 | 450000 | 0 | 0 | 0 | 900000 |
| 38 | കൃഷി ഓഫീസ് പ്രവർത്തനചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 39 | മൃഗാശുപത്രി പ്രവർത്തന ചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 40 | കറവ പശുക്കൾക്ക് കാലിത്തീററ സബ്സിഡിജനറൽ | 873000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 873000 | 1746000 |
| 41 | വളം വിതരണം | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 | 800000 |
| 42 | കറവ പശുക്കൾക്ക് കാലിത്തീററ സബ്സിഡി എസ് സി | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 16016 | 66016 |
| 43 | മൃഗാശുപത്രിക്ക് മരുന്നു വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 44 | കോഴി വിതരണം ജനറൽ | 450000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 37500 | 487500 |
| 45 | മൃഗാശുപത്രി ആവശ്യ ഫർണിച്ചർ വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 46 | വനിതകൾക്ക് പോത്തുകുട്ടി വിതരണം | 210000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 210000 | 420000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 47 | വാഴ കൃഷിക്ക് ധനസഹായം ജനറൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 48 | ആട് വിതരണം വനിത | 240000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 240000 | 480000 |
| 49 | പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 50 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 51 | ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വാങ്ങൽ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 52 | നിരാലംബരും ശയ്യവലംബരുമായ വയോജങ്ങൾക്ക് കട്ടിൽ | 217500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 217500 |
| 53 | നെയ്ത്തുശാലപ്പടി ഉള്ളപ്പള്ളികല്ലേലിമറ്റം ചേലക്കത്താഴമ റോഡ് വാർഡ് 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1526000 | 0 | 1526000 |
| 54 | പുളിഞ്ചുവട്- നിലായിത്താഴംനെയ്ത്തുശാലപ്പടി അയ്യന്താനം റോഡ് -വാർഡ് 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 55 | പയ്യാനിക്കൽപ്പടി - മുല്ലപ്പള്ളിചക്കുംചിറ എട്ട് പടവ്അരീക്കൽ കോൽപ്പാറ റോഡ് മെയിൻറനൻസ് വാർഡ് 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 56 | ഓലിക്കത്തണ്ടേല് - കോളനിവെട്ടിമൂട് സൗത്ത് പിറമാടം റോഡ് മെയിൻറനൻസ് വാർഡ് 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 57 | കൊച്ചുപള്ളി കവലശാസ്താംപടി എം വി ഐ പി കനാൽ ലിങ്ക് റോഡ് മെയിൻറനൻസ് വാർഡ് 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 58 | ആലിൻചുവട് വെങ്കളത്തുചാല് അഞ്ചൽപ്പെട്ടി ആലിൻചുവട് ബ്ളോക്ക് റോഡ് മെയിൻറനൻസ് വാർഡ് 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 59 | പെരിയപ്പുറം ചേലകത്തിനാല്കിരാതമംഗലം ഓലോത്തിക്കുഴി റോഡ് മെയിൻറനൻസ് വാർഡ് 7 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 60 | പഞ്ചായത്തിലെ വിവിധ റോഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 61 | ഇരട്ടനാകുളം വിലങ്ങപ്പാറ ചവറുകുളങ്ങര കടലാങ്കൽ റോഡ് മെയിൻറനൻസ് വാർഡ് 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 62 | തൊടുവാക്കുഴി - ചെള്ളിക്കുന്നേൽപടി ഓണക്കൂർ ലക്ഷം വീട് കോളനി റോഡ് മെയിൻറനൻസ് വാർഡ് 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 63 | ഗ്രാമപഞ്ചായത്ത് ഓഫീസിലെ കോൺഫറൻസ് റൂമിനും പ്രസിഡൻറിൻറെ റൂമിനും എ സി സ്ഥാപിക്കൽ | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 64 | എസ് എൻ ഡി പി ചാലിയത്ത് ചിറ അഞ്ചൽപ്പെട്ടി അപ്പക്കോട്ടേൽത്താഴം പൈറ്റാട്ടുപടി കളപ്പുരക്കൽത്താഴം റോഡ് മെയിൻറനൻസ് വാർഡ് 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 65 | ചേന്നാട്ടുപടി ആനാട്ടേൽത്താഴം ചേന്നാട്ടുപടി ചാലുനിലം റോഡ് മെയിൻറനൻസ് വാർഡ് 12 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 66 | ആശുപത്രിപ്പടി കോച്ചേരിത്താഴം അരീക്കൽത്താഴം ഐക്കരക്കണ്ടം കനാൽ ബണ്ട് റോഡ് മെയിൻറനൻസ് വാർഡ് 13 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 67 | ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ക്യാമറ സ്ഥാപിക്കൽ | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 68 | ആലുഞ്ചേരിപ്പടി -അന്ത്യാലിങ്കൽ കൊമ്മലക്കുഴിത്താഴം നെയ്ത്തുശാലപ്പടി റോഡ് മെയിൻറനൻസ് വാർഡ് 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 69 | മൂന്നാനിക്കുഴി ചാപ്പരക്കൽ ചിറക്കടവ് പെരുവാംചിറ റോഡ് വാർഡ് 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 70 | ഓണക്കൂർ ദേവിക്ഷേത്രം മോളേപ്പടി അമ്പലംപടിചക്കംകുഴിപ്പടി ഊരനാട്ടു ചിറ റോഡ് മെയിൻറനൻസ് വാർഡ് 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1525500 | 0 | 1525500 |
| 71 | കൈനി ലക്ഷം വീട് കോളനിയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ | 0 | 274750 | 0 | 0 | 25250 | 0 | 0 | 0 | 0 | 0 | 300000 |
| 72 | വിജയഭേരി സ്കോളർഷിപ്എസ് സി | 0 | 425000 | 0 | 0 | 0 | 425000 | 850000 | 0 | 0 | 0 | 1700000 |
| 73 | സ്കൂളുകളുടെ മെയിൻറനൻസ് | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 74 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 0 | 825000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 825000 |
| 75 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 76 | പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ലിഫ്റ്റ് സ്ഥാപിക്കൽ തുടർപ്രവർത്തനങ്ങൾ | 500000 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 2000000 |
| 77 | അംഗൻവാടികളുടെ മെയിൻറനൻസ് | 0 | 0 | 0 | 0 | 0 | 0 | 0 | 600000 | 0 | 0 | 600000 |
| 78 | പഞ്ചായത്ത് ഓഫീസ് നവീകരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 1300000 | 0 | 0 | 1500000 |
| 79 | പഞ്ചായത്തിൻറെ വിവിധ പ്രദേശങ്ങളിൽ നെയിംബോർഡ് സ്ഥാപിക്കൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 80 | പാമ്പാക്കുട ബസ് സ്ൻറാൻറിൽ ഫീഡിംഗ് റൂം | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 81 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 82 | 96 പുതുശ്ശേരിപ്പടി98 ഓണക്കൂർ പാലം100 പെരിയപ്പുറം അംഗണവാടികളുടെ വൈദ്യുതീകരണം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 83 | ഓണക്കൂർ അംഗണവാടിക്ക് സംരക്ഷണഭിത്തി കെട്ടൽ | 422405 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 422405 |
| 84 | ആശ്രയ പദ്ധതി | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 |
| 85 | വനിത ഫിറ്റനസ് സെൻറർ | 860000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 860000 |
| 86 | പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർഥികൾക്ക് പഠനോപകരണങ്ങൾ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 87 | സായംപ്രഭ അടിസ്ഥാന സൗകര്യ വികസനം | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 88 | പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം | 0 | 375000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 375000 |
| 89 | മിശ്രവിവാഹിതർക്ക് ധനസഹായം | 0 | 675000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 675000 |
| 90 | കിഴങ്ങ് കൃഷി കൂലിച്ചെലവ് ജനറൽ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 91 | എച്ച് ഡി പി ഇ പോട്ട് വിതരണം | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 125000 | 625000 |
| 92 | എസ് എസ് കെ വിഹിതം | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 93 | സ്കൂളുകളിലേക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 94 | പാലിയേറ്റീവ് കെയർ | 825000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 825000 |
| 95 | വിവിധ സ്കൂളുകളുടെ പ്രവർത്തനചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 300000 |
| 96 | പച്ചക്കറി കൃഷി വികസനം - വനിതകൾക്ക് | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 97 | സ്കൂളുകളിലേക്ക് ലാപ്ടോപ് വാങ്ങൽ | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 98 | സാക്ഷരത എസ് എസ് എൽ സി പ്ളസ് ടു തുല്യത | 20000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 20000 |
| 99 | കിഴങ്ങുവർഗകിറ്റ് വിതരണം | 40000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 40000 |
| 100 | വിവിധ മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകൽ | 25000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 101 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇൻവേർട്ടറും വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 102 | ജില്ല ക്യാൻസർ നിയന്ത്രണ പരിപാടി | 25000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 103 | പഠനമുറി എസ് റ്റി | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |
| 104 | അതിദാരിദ്രം മരുന്ന് വാങ്ങൽ | 30000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 105 | വയോജനങ്ങൾക്ക് കട്ടിൽ എസ് സി | 0 | 326250 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 326250 |
| 106 | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 107 | മാലിന്യമുക്ത കേരളം | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 108 | മെൻസ്ട്രവൽ കപ്പ് വിതരണം വനിത | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 109 | ഡയാലീസിസ് രോഗികൾക്കുള്ള പിന്തുണ | 350000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 350000 |
| 110 | വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| Proj. No. | ProjectName | Plan Gen | SCP | CSS | SSS | Own Fund | BP | DP | Non Road | Road | Other Fund | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 111 | റ്റി ബി രോഗികൾക്കുള്ള ഭക്ഷ്യ കിറ്റ് വിതരണം | 80000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 80000 |
| 112 | ആയുർവേദ ഡിസ്പെൻസറി സബ് സെൻറർ മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 520000 | 0 | 0 | 520000 |
| 113 | അടുക്കള നവീകരണം - ഈസി കിച്ചൻ | 1043753 | 0 | 0 | 0 | 81247 | 0 | 0 | 0 | 0 | 0 | 1125000 |
| 114 | ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി സബ് സെൻറർ പാമ്പാക്കുട പ്രവർത്തന ചിലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 59000 | 0 | 0 | 59000 |
| 115 | ആയുഷ് പി എച്ച് സി പാമ്പാക്കുട ഹോമിയോ മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 116 | പാമ്പാക്കുട ഗവഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 117 | ഗവഹോമിയോ ഡിസ്പെൻസറി ആയുഷ് പി എച്ച് സി പാമ്പാക്കുട പ്രവർത്തന ചെലവ് | 0 | 0 | 0 | 0 | 0 | 0 | 0 | 75000 | 0 | 0 | 75000 |
| 118 | ഐ ഇ സി പ്രവർത്തനങ്ങൾ | 25000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 25000 |
| 119 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 900000 | 0 | 0 | 0 | 0 | 500000 | 500000 | 0 | 0 | 0 | 1900000 |
| 120 | സ്കൂളുകൾക്ക് എസ് പി സി പദ്ധതി | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 121 | പ്രോജക്ട് അസിസ്റ്റൻറ് വേതനം | 250000 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 300000 |
| | ആകെ | **22810000** | **5251000** | **990000** | **600000** | **1563677** | **1925200** | **2533400** | **7579000** | **22883000** | **5101516** | **71236793** |

## അദ്ധ്യായം 7

### പ്രത്യേക പദ്ധതികൾ

ലൈഫ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി,വനിത വികസനം,അതിദാരിദ്ര്യ നിർമ്മാർജനം,ദാരിദ്ര്യ ലഘൂകരണം, ഭിന്നശേഷിക്കാരുടെ ഉന്നമനം, എസ്.സി/എസ്.ടി എന്നീ വിഭാഗങ്ങളുടെ ക്ഷേമം, വയോജന ക്ഷേമം ,മാലിന്യ നിർമ്മാർജനം ,വാതിൽപ്പടി സേവനം എന്നിവക്കായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിൽ ലക്ഷ്യമിടുന്നു.

**ലൈഫ് പദ്ധതി**

സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് പ്രദേശത്തെ ഭവന രഹിതർക്ക് ഭവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ ഉപ പദ്ധതികൾ**

പഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു.

**അതി ദാരിദ്ര്യനിർമ്മാർജന മൈക്രോപ്ലാൻ**

പഞ്ചായത്ത് പ്രദേശത്ത് അതി ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു.

**ഹരിതകേരളം**

പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് പ്രദേശത്തെ സമ്പൂർണ്ണ മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പ്രത്യേക പദ്ധതികൾ ഉൾപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ പദ്ധതികൾ**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്ത് വിവിധ കുടിവെള്ള പദ്ധതികളും ശുചിത്വവുമായി ബന്ധപ്പെട്ട ഖര ദ്രവ മാലിന്യ സംസ്കരണ

പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് ആവശ്യമായ പദ്ധതികൾ ഉൾപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു.

**വാതിൽപ്പടി സേവനം**

സർക്കാർ സേവനങ്ങൾ എല്ലാ ജനങ്ങൾക്കും എത്തിക്കുന്നതിന്റെ ഭാഗമായി വാതിൽപ്പടി സേവന പദ്ധതി നടപ്പിലാക്കി വരുന്നു.

**ദുരന്തനിവാരണം,ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥ വ്യതിയാനം**

കാലാവസ്ഥ വ്യതിയാനം മൂലം സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി ക്ഷോഭങ്ങൾ, പകർച്ചാവ്യാധികള് എന്നിവയെ പ്രതിരോധിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ പദ്ധതികള് നടപ്പിലാക്കുവാന് ലക്ഷ്യമിടുന്നു.

## അദ്ധ്യായം 8

## <u>വായ്പാബന്ധങ്ങൾ</u>

ബാങ്കുകളുമായി ബന്ധപ്പെട്ട് കുടുംബശ്രീ ,അയൽക്കൂട്ടങ്ങള് നിലവില് വായ്പകള് എടുത്ത് പലവിധ സ്വയം തൊഴിൽ സംരഭങ്ങളും നടത്തിവരുന്നുണ്ട്. കൂടുതൽ കുടുംബശ്രീ സംരഭങ്ങള് ബാങ്ക് വായ്പ്പ ലഭ്യമാക്കി,പഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസ് ൻറെയും സംയോജകമായ ഇടപെടലുകളോടെ ആരംഭിച്ച് സുസ്ഥിര സാമ്പത്തിക വികസനം സാധ്യമാക്കുന്നതിന് നമുക്ക് ഈ 14–ാം പഞ്ചവൽസര പദ്ധതിയുടെ അവസാന കാലയളവിൽ പരമാവധി ശ്രമിക്കാം.

അദ്ധ്യായം 09

## സമഗ്രപരിപാടികളും സാദ്ധ്യതകളും

പാമ്പാക്കുട ഗ്രാമപഞ്ചായത്തിന് പ്രകൃതി കനിഞ്ഞനുഗ്രഹിച്ചുതന്ന ഒരു മനോഹരാവിഷ്കാരമാണ് അരീക്കൽ വെള്ളച്ചാട്ടം,കഴിഞ്ഞ കുറേ വർഷങ്ങളായി ടി വെള്ളച്ചാട്ടം സമഗ്രമായ ടൂറിസം പദ്ധതിയായി വികസിപ്പിച്ച് പഞ്ചായത്തിലെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് ശ്രമിച്ചുവരികയാണ് സൗന്ദര്യാത്മകമായി ആവിഷ്കരിച്ച് വിജയിപ്പിച്ചെടുത്താൽ കേരളത്തിലെ തന്നെ ഒരു മികച്ച ടൂറിസ്റ്റ് സ്പോട്ട് ആയി അടയാളപ്പെടുത്തുന്ന ഒന്നാണ് ഈ പദ്ധതി. അതോടൊപ്പം തന്നെ പഞ്ചായത്തിലെ വിവിധ ചെറുകിട പദ്ധതികളും കൂട്ടിയിണക്കി കേന്ദ്ര സംസ്ഥാന ടൂറിസം വകുപ്പുകളുടെ സഹകരണത്തോടുകൂടി ഒരു ടൂറിസ്റ്റ് ഇടനാഴികയായി വളർത്തിയെടുക്കാവുന്നതാണ്. ആയതിനുള്ള ശ്രമങ്ങൾ ഈ പതിനാലാം പഞ്ചവത്സര പദ്ധതി കാലത്തും അതും പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

വിവിധ വകുപ്പുകളുടെയും ജില്ലാ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ സമഗ്ര വികസനം സാക്ഷാത്കരിക്കുന്നതിന് 14–ാ◌ാം പഞ്ചവത്സര പദ്ധതി സാധ്യമാകും എന്ന് പഞ്ചായത്ത്കരുതണം. സമ്പൂർണ്ണ ഭവന നിർമ്മാണം, എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്നത് എന്നീ ലക്ഷ്യങ്ങൾ ഈ കാലയളവിൽ വിവിധ പദ്ധതികളിലൂടെ പഞ്ചായത്ത് സാധ്യമാക്കുന്നതാണ്..

തരിശുരഹിത ഗ്രാമമെന്ന ലക്ഷ്യം കൈവരിക്കുന്നതിന്കർഷകരുടേയും തൊഴിലുറപ്പ് തൊഴിലാളികളുടെയും കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെയും ഏകോപനം കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ലക്ഷ്യത്തിലെത്തിക്കുന്നതിന് ഈ കാലയളവിൽ വിവിധ പദ്ധതികളിലൂടെ പഞ്ചായത്ത് സാധ്യമാക്കുന്നതാണ്.

കോവിഡ് പോലെയുള്ള മഹാമാരികളിൽ നിന്നും പകർച്ചവ്യാധി രോഗങ്ങളില് നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന്കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ കർശന നിരീക്ഷണവും പ്രവർത്തനവും പഞ്ചായത്ത് നടത്തുന്നതാണ്.

നിലവിൽ നല്ലരീതിയിൽ നടന്നു വരുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ വിജയകരമായി നിലനിർത്തി, ഇനിയും പഞ്ചായത്തിന്റെ സഹായം എത്താത്തവരിലേക്ക് പൊതുസേവനം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ശ്രമിക്കുന്നതാണ് കിടപ്പു രോഗികളുടെ പരിചരണം

അങ്കണവാടികളിലൂടെയുള്ള കുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും കൗമാര പ്രായക്കാരുടെയും ആരോഗ്യ പരിചരണം ശ്രദ്ധാപൂർവം തുടരുന്നതിനും ഈ പദ്ധതി കാലയളവിൽ പഞ്ചായത്ത് വിനിയോഗിക്കുന്നതാണ്.

## അദ്ധ്യായം 10

## മോണിറ്ററിംഗ്

### വർക്കിംഗ് ഗ്രൂപ്പിന്റെ ഉത്തരവാദിത്വം

അതാത് വർക്കിംഗ് ഗ്രൂപ്പുകളെ അവയുടെ പദ്ധതികളുടെ മോണറ്ററിംഗിന് ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മറ്റികളും ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ മാസാന്ത്യ അവലോകനവും സാമൂഹിക ഓഡിറ്റും നടത്തുന്നുണ്ട്.

പദ്ധതി രൂപികരണത്തെക്കാൾ പ്രധാനം അവ സുതാര്യമായും ഫലപ്രദമായും സമയ ബന്ധിതമായും നടത്തപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സൂക്ഷമമായ മോണിറ്ററിംഗിന് കഴിയും, സർക്കാർ തലത്തിൽ നടത്തപ്പെടുന്ന പല ഓഡിറ്റുകളിലും മോണിറ്ററിംഗ് റിപ്പോർട്ട് പരാമർശിക്കപ്പെടുന്നുണ്ടെങ്കിലും പിഴവ് വരുത്തുന്ന മോണിറ്ററിംഗ് സമിതികളെ അവഗണിക്കുകയാണ് ചെയ്യുന്നത്. ഉത്തരവാദപ്പെട്ട സമിതികൾ എന്ന നിലയിൽ പിഴവിന് ഉത്തരം പറയേണ്ട ബാധ്യത സമിതികൾക്ക് നൽകേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യവും യഥാസ്ഥിതി വിവരിക്കുന്ന റിപ്പോർട്ടുകളും അവലോകന യോഗങ്ങളിൽ കർശനമാക്കുന്നതുൾപ്പെടയുള്ള കാര്യങ്ങളിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ലക്ഷ്യത്തിലെത്തുന്ന പദ്ധതികളാണ് മോണറ്ററിംഗിന്റെ പ്രാപ്തിയും വിജയവും നിശ്ചയിക്കുന്നത്.അതെ മോണിറ്ററിംഗിലെ മികവും പദ്ധതി വിജയിക്കുന്നതിൽ പ്രധാനം തന്നെയാണ്.